
ക്ലാസ്സ് – 12

# സോഷ്യോളജി



പൊതു വിദ്യാഭ്യാസ വകുപ്പ്
സമഗ്ര ശിക്ഷാ, കേരളം

# ഉള്ളടക്കം

## അധ്യായം


1. ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തൽ
2. ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാപരമായ ഘടന
3. സാമൂഹിക സ്ഥാപനങ്ങൾ, തുടർച്ചയും മാറ്റവും
4. വിപണി ഒരു സാമൂഹികസ്ഥാപനം എന്ന നിലയിൽ
5. സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ
6. സാംസ്കാരിക വൈവിധ്യം നേരിടുന്ന വെല്ലുവിളികൾ
7. ഘടനാപരമായ മാറ്റം
8. സാംസ്കാരിക മാറ്റം
9. ഇന്ത്യൻ ജനാധിപത്യത്തിന്റെ കഥ
10. ഗ്രാമ സമൂഹത്തിലെ മാറ്റവും വികസനവും
11. വ്യാവസായിക സമൂഹത്തിലെ മാറ്റവും വികസനവും
12. ആഗോളവൽക്കരണവും സാമൂഹിക മാറ്റവും
13. ബഹുജന മാധ്യമങ്ങളും വാർത്താവിനിമയവും
14. സാമൂഹിക പ്രസ്ഥാനങ്ങൾ

..

## യൂണിറ്റ് 1

# ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തൽ

### *ഓർക്കേണ്ട കാര്യങ്ങൾ*

- സമൂഹത്തെക്കുറിച്ചുള്ള മുന്നറിവുകളുടെ നേട്ടങ്ങളും കോട്ടങ്ങളും

| | |
|---|---|
| നേട്ടങ്ങൾ | • സമൂഹശാസ്ത്രത്തെ പഠിക്കാൻ ഭയമുണ്ടാകില്ല.<br>• വളരെ എളുപ്പത്തിൽ പഠിക്കാൻ കഴിയും |
| കോട്ടങ്ങൾ | • സമൂഹത്തെക്കുറിച്ചുള്ള മുന്നറിവ് തിരുത്തുകയോ മറക്കേണ്ടിവരുകയോ ചെയ്യും.<br>• ഭാഗികം, പൂർണമല്ല |
| സ്വയം പ്രതിഫലനം | • പുറമേ നിന്നു കൊണ്ട് സ്വയം വീക്ഷിക്കുന്നു. |
| ഭൂമിശാസ്ത്രപരമായ ഭൂപടം | • നിങ്ങളുടെ പ്രദേശത്തിന്റെ സ്ഥാനം, സ്വഭാവം നിർണയിക്കാൻ സഹായിക്കുന്നു<br>ഉദാ:- ഇന്ത്യ, കേരളം |
| സാമൂഹ്യ ഭൂപടം | • സമൂഹത്തിൽ നിങ്ങൾക്കുള്ള സ്ഥാനം മനസ്സിലാക്കിത്തരുന്നു.<br>• നിങ്ങളുടെ സാമൂഹ്യ ഗണം, ഭാഷ, വർഗം, മതം, ജാതി, ഗോത്രം തുടങ്ങിയവ സ്വന്തം സ്വത്വങ്ങളെ സൂചിപ്പിക്കുന്നു |
| സമൂഹ ശാസ്ത്ര സങ്കല്പം | • അമേരിക്കൻ സാമൂഹ്യ ശാസ്ത്രജ്ഞനായ സി റൈറ്റ് മിൽസ് അവതരിപ്പിച്ചു<br>• 'വ്യക്തിഗത പ്രശ്നങ്ങളും സാമൂഹ്യപ്രശ്നങ്ങളും' തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു<br>• തൊഴിലില്ലായ്മ, ദാരിദ്ര്യം, തലമുറകൾ തമ്മിലുള്ള വിടവ് |

കോളനിവൽക്കരണവും ഇന്ത്യൻ ദേശീയതയും

- ഇന്ത്യൻ അവബോധം രൂപീകരിക്കുന്നതിനു സഹായിച്ചു
- ഇന്ത്യ സാമ്പത്തികപരമായും, രാഷ്ട്രീയപരമായും ഏകീകരിക്കപ്പെട്ടു
- അഭ്യസ്തവിദ്യരായ മധ്യവർഗം രൂപംകൊണ്ടു
- പാശ്ചാത്യ വിദ്യാഭ്യാസം ഇന്ത്യൻ പാരമ്പര്യങ്ങളെ പുനരുജ്ജീവിപ്പിച്ചു
- സാമൂഹ്യ സാംസ്കാരിക മേഖല പുരോഗമിച്ചു
- ദേശീയവും പ്രാദേശികവുമായി ഉയർന്നുവന്ന സമുദായങ്ങളെ ഏകീകരിച്ചു

## ഫോക്കസ് ഏരിയ

- സമൂഹ ശാസ്ത്ര പഠനത്തിൽ സമൂഹത്തെക്കുറിച്ചുള്ള മുൻ അറിവുകളുടെ നേട്ടങ്ങളും കോട്ടങ്ങളും
- സാമൂഹ്യപ്രശ്നങ്ങളും വ്യക്തിഗതപ്രശ്നങ്ങളും
- കോളനി വാഴ്ചയും ദേശീയതയും
- പുതിയ വർഗങ്ങളുടെയും സമുദായങ്ങളുടെയും ആവിർഭാവം
- ഇന്ത്യൻ സമൂഹത്തിന്റെ ഘടനയും സാമൂഹികമാറ്റവും ഒരു ആമുഖം

## പ്രവർത്തനം

1) നിങ്ങൾ ഉൾപ്പെടുന്ന ഭൂമിശാസ്ത്ര ഭൂപടവും സാമൂഹ്യ ഭൂപടവും തയാറാക്കുക. (2)

2. നിങ്ങളുടെ പ്രദേശത്ത് കാണുന്ന വ്യക്തിഗതപ്രശ്നങ്ങളുടെയും സാമൂഹ്യ പ്രശ്നങ്ങളുടെയും ഒരു പട്ടിക തയാറാക്കുക. (3)

3) താഴെ തന്നിരിക്കുന്നവയെ അനുയോജ്യമായ കോളങ്ങളിൽ വർഗീകരിക്കുക. (2)

(പഠിക്കാൻ എളുപ്പമാണ്, പൂർണമല്ല, പരിചിതങ്ങളായ പദങ്ങൾ, ഭാഗികം)

| സമൂഹത്തെക്കുറിച്ചുള്ള മുന്നറിവിന്റെ നേട്ടങ്ങൾ | സമൂഹത്തെക്കുറിച്ചുള്ള മുന്നറിവിന്റെ കോട്ടങ്ങൾ |
|---|---|
| • | • |
| • | • |

4) പുറമേ നിന്നുകൊണ്ട് നമ്മളെ തന്നെ നോക്കിക്കാണാനുള്ള കഴിവിനെ പറയുന്ന പേര്? (1)

(സമൂഹശാസ്ത്ര സങ്കല്പം, സ്വയം പ്രതിഫലനം, സാമൂഹ്യ ഭൂപടം)

5) താഴെ തന്നിരിക്കുന്നവയെ അനുയോജ്യമായ കോളങ്ങളിൽ വർഗീകരിക്കുക.

(ഏഷ്യ, മലയാളി, പ്ലസ്ടു വിദ്യാർഥി, കേരളം, ഇന്ത്യ, യുവസംഘം) (3)

| ഭൂമിശാസ്ത്ര ഭൂപടം | സാമൂഹ്യ ഭൂപടം |
|---|---|
| • | • |
| • | • |
| • | • |

6) സമൂഹശാസ്ത്ര സങ്കല്പം എന്ന പദം ആദ്യമായി അവതരിപ്പിച്ച സമൂഹശാസ്ത്രജ്ഞൻ ആര്? (1)

(കാറൽമാക്സ്, ആൽഫ്രഡ് ഗെൽ, സി.ഡബ്ല്യു. മിൽസ്)

7) താഴെ തന്നിരിക്കുന്നവയിൽ 'വ്യക്തിഗത പ്രശ്നങ്ങളും സാമൂഹ്യ പ്രശ്നങ്ങളും' എന്ന രണ്ടു കോളങ്ങളിൽ അനുയോജ്യമായ രീതിയിൽ വർഗീകരിക്കുക.

(തലമുറകൾ തമ്മിലുള്ള വിടവ്, പിരിമുറുക്കം, മുതിർന്നവരുടെ പെരുമാറ്റത്തോടുള്ള അതൃപ്തി, ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠ, ജാതീയത, വർഗീയത)

| വ്യക്തിഗതപ്രശ്നങ്ങൾ | സാമൂഹ്യപ്രശ്നം |
|---|---|
| • | • |
| • | • |
| • | • |

8) താഴെ ബ്രാക്കറ്റിൽ തന്നിരിക്കുന്നവയിൽ നിന്ന് കോളനി ഭരണം ഇന്ത്യൻ സമൂഹത്തിൽ കൊണ്ടുവന്ന മൂന്നു മാറ്റങ്ങളുടെ പട്ടിക തയാറാക്കുക.

(ദേശീയത, പഞ്ചവത്സരപദ്ധതികൾ, പുതിയ വർഗങ്ങളുടെയും, സമുദായങ്ങളുടെയും ആവിർഭാവം, പ്രാദേശിക ഭാഷയ്ക്ക് പ്രാധാന്യം, ഇന്ത്യയുടെ ഏകീകരണം) (3)

9) സമൂഹശാസ്ത്ര പഠനത്തിൽ സമൂഹത്തെക്കുറിച്ചുള്ള മുന്നറിവിന്റെ രണ്ടു കോട്ടങ്ങൾ എഴുതുക. (2)

10) സാമൂഹ്യ ഭൂപടം ഭൂമി ശാസ്ത്ര ഭൂപടത്തിൽ നിന്നും വേർതിരിച്ച് എഴുതുക. (4)

11) സമൂഹശാസ്ത്ര സങ്കൽപം എന്ന ആശയം വിശദമാക്കുക. (3)

# ഉത്തര സൂചിക

1.

| ഭൂമിശാസ്ത്രഭൂപടം | സാമൂഹ്യഭൂപടം |
|---|---|
| നമ്മുടെ വൻകര | പ്രായം |
| നമ്മുടെ രാജ്യം | ജാതി |
| നമ്മുടെ സംസ്ഥാനം | മതം |

(3)

2.

| സാമൂഹ്യപ്രശ്നം | വ്യക്തിഗതപ്രശ്നം |
|---|---|
| തൊഴിലില്ലായ്മ | ജോലിയെക്കുറിച്ചുള്ള ഉത്കണ്ഠ |
| തലമുറകൾ തമ്മിലുള്ള വിടവ് | കുടുംബത്തിൽ നിന്നുള്ള അംഗീകാരത്തിന്റെ അഭാവം |

(2)

3.

| മുന്നറിവിന്റെ നേട്ടങ്ങൾ | മുന്നറിവിന്റെ കോട്ടങ്ങൾ |
|---|---|
| • പഠിക്കാൻ എളുപ്പം | • അപൂർണം |
| • പരിചിതമായ ആശയങ്ങൾ | • ഭാഗീകം |

(2)

4. സ്വയം പ്രതിപതനം (1)

5.

| ഭൂമിശാസ്ത്രഭൂപടം | സാമൂഹ്യഭൂപടം |
|---|---|
| ഏഷ്യ | മലയാളി |
| ഇന്ത്യ | പ്ലസ്ടു വിദ്യാർഥി |
| കേരളം | യുവജനങ്ങൾ |

(3)

6. സി. റൈറ്റ് മിൽസ് (1)

7.

| വ്യക്തിപരമായ പ്രശ്നങ്ങളും | സാമൂഹ്യപ്രശ്നങ്ങളും |
|---|---|
| • ഉത്കണ്ഠ | • തലമുറകൾ തമ്മിലുള്ള വിടവ് |
| • മുതിർന്ന വ്യക്തികളോടുള്ള പെരുമാറ്റത്തിലെ അനാദരവ് | • ജാതീയത |
| • ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ | • വർഗീയത |

(3)

8. • ദേശീയത
- പുതിയ വർഗങ്ങളുടെയും സമുദായങ്ങളുടെയും ആവിർഭാവം
- ഇന്ത്യയുടെ ഏകീകരണം. (3)

9. മൂന്നാമത്തെ ഉത്തരവുമായി ഒത്തുനോക്കുക (2)

10. അഞ്ചാമത്തെ ഉത്തരവുമായി ഒത്തുനോക്കുക (2)

11. • വ്യക്തിഗതമായ പ്രശ്നങ്ങൾ സാമൂഹ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. (2)
- സി. റൈറ്റ് മിൽസ്

## യൂണിറ്റ് – 2

# ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാപരമായ ഘടന

### ഓർത്തിരിക്കേണ്ട കാര്യങ്ങൾ

**ജനസംഖ്യാ ശാസ്ത്രം**

ഔപചാരിക ജനസംഖ്യാശാസ്ത്രം

- സാമൂഹ്യജനസംഖ്യാശാസ്ത്രം
- സെൻസസ്
- ജനസംഖ്യാശാസ്ത്രത്തിലെ ചില സിദ്ധാന്തങ്ങൾ

എ) ജനസംഖ്യാവർധനവിനെക്കുറിച്ചുള്ള മാൽത്ത്യൂസിയൻ സിദ്ധാന്തം


- ജനസംഖ്യാവളർച്ച –> ജ്യാമിതീയ ശ്രേണി –> ദാരിദ്ര്യം
  ഭക്ഷ്യ ഉൽപാദനവളർച്ച –> സമാന്തരശ്രേണി –>

  ജനസംഖ്യാനിയന്ത്രണമാർഗങ്ങൾ → സ്വാഭാവിക നിയന്ത്രണം / നിവാരണ നിയന്ത്രണം

- വിമർശനങ്ങൾ

ബി)ജനസംഖ്യാ പരിവർത്തന സിദ്ധാന്തം

| സാമൂഹ്യവികസനം | സ്റ്റേജ് 1 വികസനം | സ്റ്റേജ് 2 വികസിച്ചുകൊണ്ടിരിക്കുന്നു | സ്റ്റേജ് 3 വികസിച്ചത് |
|---|---|---|---|
| ജനനനിരക്ക് | ഉയർന്നത് | ഉയർന്നത് | താഴ്ന്നത് |
| മരണനിരക്ക് | ഉയർന്നത് | താഴ്ന്നത് | താഴ്ന്നത് |
| ജനസംഖ്യാവർധനവ് | താഴ്ന്നത് | ഉയർന്നത് | താഴ്ന്നത് |




- ജനസംഖ്യയുടെ പ്രായഘടന
- കുട്ടികൾ, ജോലി ചെയ്യുന്നവർ മുതിർന്നവർ

- ആശ്രിത അനുപാതം
- ജനസംഖ്യാലാഭവിഹിതം
- ഇന്ത്യയിലെ താഴ്ന്ന സ്ത്രീ-പുരുഷാനുപാതം

  ആരോഗ്യകാരണങ്ങൾ, പെൺകുട്ടികളോടുള്ള മനോഭാവം, സാമ്പത്തിക കാരണങ്ങൾ, അബോർഷൻ, പെൺശിശുഹത്യം, സ്ത്രീധനം
- സാക്ഷരത

  ലിംഗം, സാമൂഹികവിഭാഗങ്ങൾ, പ്രാദേശികം, നഗരത്തിലേയ്ക്കുള്ള കുടിയേറ്റകാരണങ്ങൾ

  ഇന്ത്യയിലെ ജനസംഖ്യാനയം

  ഇന്ത്യൻ ജനസംഖ്യയുടെ വലിപ്പവും വളർച്ചയും

## ഫോക്കസ് ഏരിയ

1. ജനസംഖ്യാശാസ്ത്രം
2. മാൽത്തൂസിയൻ സിദ്ധാന്തം
3. ജനസംഖ്യ പരിവർത്തന സിദ്ധാന്തം
4. ജനസംഖ്യ പഠനത്തിൽ ഉപയോഗിക്കുന്ന പൊതുവായ സങ്കല്പനങ്ങൾ
5. പ്രായ ഘടന
6. ഇന്ത്യൻ ജനസംഖ്യയുടെ വലുപ്പവും വളർച്ചയും.
7. ഇന്ത്യൻ ജനസംഖ്യയുടെ പ്രായഘടന
8. ഇന്ത്യയിലെ ലിംഗാനുപാതം കുറയാനുള്ള കാരണങ്ങൾ
9. സാക്ഷരതയും ജനസംഖ്യയും
10. ഗ്രാമനഗര വ്യത്യാസങ്ങൾ
11. ഇന്ത്യയിലെ ജനസംഖ്യ നയം

## പഠനപ്രവർത്തനങ്ങൾ

### പ്രവർത്തനം 1

ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

ജനസംഖ്യയെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ്...........

(സാമൂഹ്യ ശാസ്ത്രം, ജനസംഖ്യാശാസ്ത്രം, സാമ്പത്തിക ശാസ്ത്രം) (1)

**പ്രവർത്തനം 2**

ചാർട്ട് പൂർത്തിയാക്കുക

(2)

| ജനസംഖ്യാശാസ്ത്രം | |
|---|---|
| .............................................. | സാമൂഹ്യ ജനസംഖ്യാ ശാസ്ത്രം |
| ഉദാ:- ജനനം മരണം കുടിയേറ്റം | ഉദാ:- .............................................. |

**പ്രവർത്തനം 3**

ജനസംഖ്യ വർധനവിനെക്കുറിച്ചുള്ള മാൽത്ത്യൂസിയൻ സിദ്ധാന്തത്തെ സൂചിപ്പിക്കുന്ന താഴെ തന്നിരിക്കുന്നവയെ അനുയോജ്യമായ കോളത്തിൽ വർഗീകരിക്കുക.

(ജ്യാമിതീയ ശ്രേണി, 2, 4, 6, 5, 10, സമാന്തരശ്രേണി 2, 4, 8, 16, 32) (2)

| ജനസംഖ്യാവർധനവ് | ഭക്ഷ്യോത്പാദന വർധനവ് |
|---|---|
| • | • |
| • | • |

**പ്രവർത്തനം 4**

താഴെ തന്നിരിക്കുന്നവയെ അനുയോജ്യമായ കോളങ്ങളിൽ വർഗീകരിക്കുക.

(വിവാഹം വൈകിപ്പിക്കൽ, രോഗങ്ങൾ, ബ്രഹ്മചര്യം, യുദ്ധങ്ങൾ) (2)

| സ്വാഭാവികനിയന്ത്രണം | നിവാരണനിയന്ത്രണം |
|---|---|
| • | • |
| • | • |

5) മൊത്തം ഫലപുഷ്ടി നിരക്കുകളിൽ പുനഃസ്ഥാപന നിലയേക്കാൾ താഴ്ന്നുനിൽക്കുന്ന രണ്ട് സംസ്ഥാനങ്ങളുടെ പേര് എഴുതുക. (2)

6) താഴെ ചോദിച്ചിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുക്കുക.

ജനനനിരക്ക്, ലിംഗാനുപാതം, ശിശുമരണനിരക്ക്, ആശ്രിത അനുപാതം, ആയൂർദൈർഘ്യം)

എ) ആയിരം പുരുഷന്മാർക്ക് എത്ര സ്ത്രീകൾ ......................................

ബി) ജോലി ചെയ്യാത്തവരുടെ എണ്ണത്തെ അപേക്ഷിച്ച് ജോലി ചെയ്യുന്നവരുടെ എണ്ണം ..................................

സി) ശരാശരി ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലയളവ് ................................

ഡി) ഒരു വർഷത്തിൽ ജനസംഖ്യയിലെ ഓരോ ആയിരത്തിനും ജീവനോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം .......................

ഇ) ഒരു വർഷം ജനിക്കുന്ന ഓരോ ആയിരം ശിശുക്കളിലും ഒരു വയസ്സിനു താഴെ മരിക്കുന്ന കുട്ടികളുടെ എണ്ണം ..................................

7) ഇന്ത്യയിലെ ലിംഗാനുപാതം കുറയാനുള്ള കാരണങ്ങളെ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തീയാക്കുക.

ലിംഗാനുപാതം കുറയാനുള്ള കാരണങ്ങൾ

→ പെൺകുട്ടികളോടുള്ള പെരുമാറ്റത്തിലെ വ്യത്യാസം

→ ...................................................

→ ...................................................

→ ...................................................

→ ...................................................

8) ജനസംഖ്യാ ലാഭവിഹിതത്തിന്റെ രണ്ടു നേട്ടങ്ങൾ എഴുതുക.

9) കോളം എ-യ്ക്ക് അനുസരിച്ച് ബി ക്രമീകരിക്കുക (5)

| എ | ബി |
|---|---|
| ഉയർന്ന ലിംഗാനുപാതം | പഞ്ചാബ് |
| ഉയർന്ന ശിശു ലിംഗാനുപാതം | കേരളം |
| കുറഞ്ഞ ശിശു ലിംഗാനുപാതം | ആശ്രിതർ |
| 15 നും 60 നും ഇടയിലുള്ള പ്രായ സംഘം | മിസോറാം |
| 0-14 നും 60 നും ഇടയ്ക്കുള്ള പ്രായസംഘം | ജോലി ചെയ്യുന്ന ആളുകൾ |

10) ബ്രാക്കറ്റിൽ നിന്നും ജനസംഖ്യാനയം പട്ടികപ്പെടുത്തുക.

(ജനസംഖ്യ വളർച്ച നിരക്ക് കുറയ്ക്കുക, ജനനനിയന്ത്രണ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക, ജനസംഖ്യാ വിസ്ഫോടനം, പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക, ബ്രഹ്മചര്യം, ജനസംഖ്യയെ കുറിച്ച് അവബോധം വളർത്തുക)

# അധ്യായം – 2

## ഉത്തരസൂചിക

1) ജനസംഖ്യാശാസ്ത്രം (1)

2. ഔപചാരിക ജനസംഖ്യാശാസ്ത്രം (2)

ഉദാ:- ജനസംഖ്യയുടെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ തലങ്ങൾ.

3) (2)

| ജനസംഖ്യാവർധനവ് | ഭക്ഷ്യോൽപാദന വർധനവ് |
|---|---|
| • ജ്യാമിതീയശ്രേണി | • സമാന്തരശ്രേണി |

4) (2)

| സ്വാഭാവിക നിയന്ത്രണം | നിവാരണ നിയന്ത്രണം |
|---|---|
| • രോഗങ്ങൾ | • വിവാഹം വൈകിപ്പിക്കൽ |
| • യുദ്ധങ്ങൾ | • ബ്രഹ്മചര്യം |

5) കേരളം തമിഴ്നാട് (2)

6) എ) ലിംഗാനുപാതം ബി) ആശ്രിതാനുപാതം സി) ആയുർ ദൈർഘ്യം
ഡി) ജനനനിരക്ക് ഇ) ശിശുമരണനിരക്ക് (5)

7) 1) മാതൃമരണനിരക്ക്
2) പെൺഭ്രൂണഹത്യ
3) സ്ത്രീധനം
4) പോഷകാഹാരക്കുറവ്
5) ഗർഭഛിദ്രം (5)

8) i) സാമ്പത്തിക പുരോഗതി ii) ആശ്രയത്വം കുറയുന്നു. (2)

9)

| എ | ബി |
|---|---|
| ഉയർന്ന ലിംഗാനുപാതം | കേരളം |
| ഉയർന്ന ശിശുലിംഗാനുപാതം | മിസോറാം |
| കുറഞ്ഞ ശിശു ലിംഗാനുപാതം | പഞ്ചാബ് |
| 15 നും 16 നും ഇടയ്ക്കുള്ള പ്രായ സംഘം | ജോലി ചെയ്യുന്ന ആളുകൾ |
| 0-14 നും 60 നും ഇടയിലുള്ള പ്രായസംഘം | ആശ്രിതൻ |

10) 1. ജനസംഖ്യ വളർച്ചാനിരക്ക് കുറയ്ക്കുക.
2. ജനനനിയന്ത്രണ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക
4. ജനസംഖ്യയെ കുറിച്ച് അവബോധം വളർത്തുക (4)

## അധ്യായം – 3

# സാമൂഹിക സ്ഥാപനങ്ങൾ: തുടർച്ചയും മാറ്റവും

### ഓർക്കേണ്ട കാര്യങ്ങൾ


- ജാതിയുടെ സവിശേഷതകൾ
- ജനനം, സ്വഗണ വിവാഹം, ജാതിത്തൊഴിൽ, ശ്രേണീകരണം, ആഹാരത്തിലും, ആഹാരം പങ്കുവയ്ക്കുന്നതിലുമുള്ള നിയന്ത്രണങ്ങൾ, ഉപജാതികൾ.
- വർണ്ണങ്ങൾ അഖിലേന്ത്യാ പ്രതിഭാസമാണ്.
- ജാതികൾ പ്രാദേശിക വിഭാഗമാണ്
- ജാതിവ്യവസ്ഥ രണ്ടുതരത്തിലുള്ള തത്വങ്ങളുടെ ഒരു സങ്കലനമാണ് – വ്യത്യസ്തതയും, വിഭജനവും, ആകമാനതയും അധികാരശ്രേണിയും.
- സംഖ്യാബലം, സാമ്പത്തികശക്തി, രാഷ്ട്രീയശക്തി എന്നിവയാണ് പ്രബല ജാതിയുടെ സവിശേഷതകൾ.
- രാഷ്ട്രീയത്തിൽ ജാതി ഒരു പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു.

**ഗോത്രങ്ങളുടെ സ്ഥിര സവിശേഷതകൾ**

- പ്രദേശം, ഭാഷാ, കായിക സവിശേഷതകൾ, പാരിസ്ഥിതിക വ്യവസ്ഥകൾ

**ഗോത്രങ്ങളുടെ ആർജ്ജിത സവിശേഷതകൾ**

- ഉപജീവനമാർഗ്ഗം, ഹൈന്ദവ സമൂഹത്തോടുള്ള ഉൾച്ചേരൽ




### ഫോക്കസ് ഏരിയ

1. **ജാതിയും ജാതി വ്യവസ്ഥയും**
2. **ഗോത്ര സമുദായം**
3. **കുടുംബവും ബന്ധുത്വവും**

## പ്രവർത്തനം

**1. താഴെപ്പറയുന്നവയെ ജാതിയുടെയും വർണത്തിന്റെയും സവിശേഷതകളായി തരംതിരിക്കുക. അവയെ യഥാക്രമം രണ്ടു കോളങ്ങളിലായി ക്രമീകരിക്കുക.**

(പ്രാദേശിക വിഭാഗം, നാല്, അഖിലേന്ത്യാ പ്രതിഭാസം, 3000ത്തിനു മുകളിൽ)

| വർണ്ണം | ജാതി |
|---|---|
| • <br> • | • <br> • |

(2)

**2. വിട്ട ഭാഗം പൂരിപ്പിക്കുക**

ജാതിയുമായി ബന്ധപ്പെട്ട രണ്ട് വ്യത്യസ്ത തത്വങ്ങൾ
- 
- 

(2)

**3. വിട്ട ഭാഗം പൂരിപ്പിക്കുക**

പ്രബല ജാതിയുടെ സവിശേഷതകൾ
- ......................................................
- ഭൂസ്വത്തും, സാമ്പത്തികാധികാരം
- ......................................................

(1)

**4. താഴെപ്പറയുന്നവയെ സ്ഥിര സവിശേഷതകളുടെയും ആർജിത സവിശേഷതകളുടെയും അടിസ്ഥാനത്തിൽ തരംതിരിക്കുക.**

(പ്രദേശം, ഉപജീവനമാർഗ്ഗം, ഭാഷ, കായികസവിശേഷതകൾ, ഹൈന്ദവ സമൂഹത്തിലേക്കുള്ള ഉൾച്ചേരൽ, പരിസ്ഥിതി)

| ഗോത്ര സമുദായങ്ങളുടെ സ്ഥിരസവിശേഷതകൾ | ഗോത്ര സമുദായങ്ങളുടെ ആർജിത സവിശേഷതകൾ |
|---|---|
| • <br> • <br> • <br> • | • <br> • <br> • <br> • |

(3)

**5. ജാതിവ്യവസ്ഥയുടെ സവിശേഷതകൾ എഴുതുക.**

**(വിട്ടഭാഗം പൂരിപ്പിക്കുക.)**

| **ജാതിവ്യവസ്ഥയുടെ സവിശേഷതകൾ** |
|---|
| • ജാതിയുടെ അടിസ്ഥാനം ജന്മമാണ്.<br>•<br>•<br>• |

(3)

**6. വിട്ടഭാഗം പൂരിപ്പിക്കുക.**

| | | |
|---|---|---|
| അധികാരം | പുരുഷന്മാർ അധികാരവും മേധാവിത്വവും പുലർത്തുന്നു. | ............................... |
| | ............................................................................ | മാതൃമേധാവിത്വം |
| വാസസ്ഥലം | ............................................................................ | പിതൃസ്ഥാനീയം |
| | നവദമ്പതിമാർ വധുവിന്റെ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. | ............................... |
| ........................... | പാരമ്പര്യം അച്ഛൻ വഴി മകന് ലഭിക്കുന്നു. | ............................... |
| | ............................................................................ | മാതൃദായകം |

(3)

# ഉത്തരസൂചിക

## സാമൂഹിക സ്ഥാപനങ്ങൾ – തുടർച്ചയും മാറ്റവും

| വർണ്ണം | ജാതി |
|---|---|
| • നാല്<br>• അഖിലേന്ത്യ പ്രതിഭാസം | • 3000 നു മുകളിൽ<br>• പ്രാദേശികവിഭാഗം |

(2)

**ജാതിയുമായി ബന്ധപ്പെട്ട രണ്ട് വ്യത്യസ്ത തത്വങ്ങൾ**

- **വ്യത്യസ്തതയും വിഭജനവും**
- **ആകമാനതയും അധികാരശ്രേണിയും**

(2)

3. **വിട്ട ഭാഗം പൂരിപ്പിക്കുക**

**പ്രബല ജാതിയുടെ സവിശേഷതകൾ**
- സംഖ്യാബലം
- ഭൂസ്വത്തും സാമ്പത്തികാധികാരവും
- രാഷ്ട്രീയ അധികാരം

(1)

4.

| ഗോത്ര സമുദായങ്ങളുടെ സ്ഥിരസവിശേഷതകൾ | ഗോത്ര സമുദായങ്ങളുടെ ആർജിത സവിശേഷതകൾ |
|---|---|
| • പ്രദേശം<br>• ഭാഷ<br>• കായികസവിശേഷങ്ങൾ<br>• പരിസ്ഥിതി | • ഉപജിവന മാർഗം<br>• ഹൈന്ദവ സമൂഹത്തിലേയ്ക്കുള്ള ഉൾച്ചേരൽ |

(3)

5.

| ജാതിവ്യവസ്ഥയുടെ സവിശേഷതകൾ |
|---|
| • ജാതിയുടെ അടിസ്ഥാനം ജന്മമാണ്.<br>• സ്വഗണവിവാഹം<br>• കുലത്തൊഴിൽ<br>• ശ്രേണീബന്ധം |

(3)

6.

| | | |
|---|---|---|
| അധികാരം | പുരുഷന്മാർക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബം | പിതൃമേധാവിത്വ കുടുംബം |
| . | സ്ത്രീകൾക്ക് അധികാരവും, മേധാവിത്വവുമുള്ള കുടുംബം | മാതൃമേധാവിത്വ കുടുംബം |
| താമസസ്ഥലം | ദമ്പതിമാർ വരന്റെ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. | പിതൃസ്ഥാനീയം |
| | ദമ്പതിമാർ വധുവിന്റെ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. | മാതൃസ്ഥാനീയം |
| വംശപാരമ്പര്യം | പാരമ്പര്യം അച്ഛൻ വഴിയാണ് ലഭിക്കുന്നത്. | പിതൃദായകം |
| | പാരമ്പര്യം അമ്മ വഴിയാണ് ലഭിക്കുന്നത് | മാതൃദായകം |

(3)

## അധ്യായം – 4

# വിപണി ഒരു സാമൂഹികസ്ഥാപനം എന്ന നിലയിൽ

### ഫോക്കസ് ഏരിയ

1. സാമൂഹ്യ ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ വിപണിയും സമ്പദ് വ്യവസ്ഥയും.
2. കോളനി ഭരണത്തിനു മുമ്പും കൊളോണിയൽ കാലഘട്ടത്തിലുമുണ്ടായിരുന്ന ജാതി അടിസ്ഥാനമാക്കിയുള്ള വിപണികളും വാണിജ്യ ശൃംഖലകളും.
3. വിപണികളുടെ സാമൂഹിക സംഘടനയും പരമ്പരാഗത ബിസിനസ് സമുദായങ്ങളും.
4. കോളനി വാഴ്ചയും പുതിയ വിപണികളുടെ ആവിർഭാവവും.
5. ഒരു സാമൂഹിക വ്യവസ്ഥ എന്ന നിലയിൽ മുതലാളിത്തത്തെ മനസ്സിലാക്കൽ.

### പ്രവർത്തനം

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക**

1. ..............ന്റെ അഭിപ്രായത്തിൽ എല്ലാ സാമ്പത്തിക വ്യവസ്ഥകളും സാമൂഹ്യ വ്യവസ്ഥകൾ കൂടിയാണ്.

   (ആഡംസ്മിത്ത്, കാൾമാക്സ്, ആൽഫ്രഡ് ഗെൽ) (1)

2. പദവി ചിഹ്നം എന്ന പദം രൂപീകരിച്ചത് ആരാണ്?

   (കാൾമാക്സ്, ആഡംസ്മിത്ത്, മാക്സ് വെബർ) (1)

3. 'അധ്വാനം തന്നെ ഒരു ചരക്കാണ്' എന്ന് പറഞ്ഞത് ആരാണ്?

   (ആൽഫ്രെഡ് ഗെൽ, ആഡംസ്മിത്ത്, കാൾമാക്സ്) (1)

4. നഗരത്താന്മാരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ............ മുതലാളിത്തത്തെ സൂചിപ്പിക്കുന്നു.

   (ബുദ്ധിപരമായ, തദ്ദേശീയ, ഉപകരണം) (1)

5. ......................എന്ന ഫ്രഞ്ച് ആശയത്തിന്റെ അർഥം 'തനിയെ വിടുക അല്ലെങ്കിൽ പ്രവർത്തിക്കാൻ അനുവദിക്കുക' എന്നാണ്.

   (ആഗോളവൽക്കരണം, ഉദാരവൽക്കരണം, ലെസ്സേ ഫെയർ) (1)

**ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് ചാർട്ട് പൂർത്തിയാക്കുക.**

| | | |
|---|---|---|
| 6. | 'ദി വെൽത്ത് ഓഫ് നേഷൻ' എന്ന പുസ്തകം എഴുതിയത് ആരാണ്? | |
| 7. | ആഗോള വിപണിയുടെയും പ്രാദേശിക വിപണിയുടെയും കൂടിച്ചേരൽ. | |
| 8. | ചരക്കല്ലാത്ത വസ്തുവിനെ ചരക്കാക്കി മാറ്റൽ. | |
| 9. | വേതനത്തെ അടിസ്ഥാനമാക്കിയ ചരക്കുല്പാദന വ്യവസ്ഥ. | |
| 10. | രാജസ്ഥാനിൽ നടത്തുന്ന ഏറ്റവും വലിയ കാർഷിക വിപണി. | |

(ചരക്കു വൽക്കരണം, മുതലാളിത്തം, പുഷ്കർ മേള,
ആഗോളവൽക്കരണം, ആഡംസ്മിത്ത്) (1 x 5 = 5)

11. ബോക്സുകൾ പൂർത്തീകരിക്കുക

**മുതലാളിത്തത്തിന്റെ രണ്ടു സവിശേഷതകൾ.**

(2)

# ഉത്തരസൂചിക

## അധ്യായം – 4

# വിപണി ഒരു സാമൂഹികസ്ഥാപനം എന്ന നിലയിൽ

1.
1. കാൾ മാക്സ്
2. മാക്സ് വെബർ
3. കാൾ മാക്സ്
4. തദ്ദേശീയ
5. ലെസ്സേ ഫെയർ
6. ആഡംസ്മിത്ത്
7. ആഗോളവൽക്കരണം
8. വസ്തുവൽക്കരണം (ചരക്കുവൽക്കരണം)
9. മുതലാളിത്തം
10. പുഷ്കർ മേള
11. വസ്തുവൽക്കരണവും, ഉപഭോഗവും

## അധ്യായം – 5

# സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ

### ഓർക്കേണ്ട കാര്യങ്ങൾ

**1. സാമൂഹ്യ അസമത്വവും ബഹിഷ്കരണവും എങ്ങനെയാണ് സാമൂഹികമാകുന്നത്.**

- സാമൂഹിക അസമത്വം സാമൂഹികവിഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.
- സാമൂഹിക വിഭവങ്ങൾ – സാമ്പത്തിക മൂലധനം, സാംസ്കാരിക മൂലധനം , സാമൂഹിക മൂലധനം.
- സാമൂഹികശ്രേണീകരണം
- സമൂഹത്തിന്റെ പ്രത്യേകത
- തലമുറകളായി നിലനിൽക്കുന്നു.
- വിശ്വാസങ്ങളും പ്രത്യയശാസ്ത്രവും പിന്തുണയ്ക്കുന്നു.

**സാമൂഹികബഹിഷ്കരണം**

- സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെടുന്നു.
- ക്രമാനുഗതമാണ്, യാദൃച്ഛികമല്ല, സ്വമേധയായല്ല

**2. ജാതിയും ഗോത്രവും – അസമത്വങ്ങളെ നീതീകരിക്കുകയും നിലനിർത്തുകയും ചെയ്യുന്ന വ്യവസ്ഥകൾ**

- അസ്പൃശ്യത

↓

- മൂന്ന് തലങ്ങൾ

↓

- ബഹിഷ്കരണം, ചൂഷണം, അവഹേളനം – അധീനമാക്കൽ
- മഹാത്മാഗാന്ധി – ഹരിജനം

**3. ജാതി – ഗോത്ര വിവേചനത്തിനെതിരെ രാഷ്ട്രത്തിന്റെയും രാഷ്ട്രേതര ഘടകങ്ങളുടെയും പരിശ്രമങ്ങൾ**

**രാഷ്ട്രനടപടികൾ**

- സംവരണം
- കാസ്റ്റ് ഡിസെബിലിറ്റി, റിമൂവൽ ആക്ട് – 1850
- ഭരണഘടനാ ഭേദഗതി
- പട്ടികജാതി, പട്ടികവർഗ (അക്രമങ്ങൾ തടയുന്ന) നിയമം 1989

**രാഷ്ട്രേതര നടപടികൾ**

- ജ്യോതിബാഫുലേ, ഇയോതീദാസ്, പെരിയാർ, അംബേദ്കർ തുടങ്ങിയവരുടെ പ്രസ്ഥാനങ്ങൾ
- ദളിത് സംഘർഷ് സമിതി

**മറ്റ് പിന്നാക്ക വിഭാഗങ്ങൾ**

- ഒന്നാമത്തെ പിന്നാക്ക വിഭാഗകമ്മീഷൻ - കാകാ കലേൽക്കർ കമ്മീഷൻ
- രണ്ടാമത്തെ പിന്നാക്ക വിഭാഗകമ്മീഷൻ ബി.പി. മണ്ഡലിന്റെ നേതൃത്വത്തിലായിരുന്നു.

**4. ആദിവാസി പോരാട്ടങ്ങൾ**

- ചൂഷണത്തിനെതിരെ
- ഖനികൾക്കും ഡാമുകൾക്കും എതിരെ
- ഉദാരവൽക്കരണനയങ്ങൾ
- ഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെടുന്നു.

**5. സ്ത്രീകളുടെ സമത്വത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ**

- സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ
- സ്ത്രീ-പുരുഷ തുലന -
- താരാഭായ് ഷിൻഡേ
- സുൽത്താനയുടെ സ്വപ്നം
- ബീഗം റുഖിയ

**6. ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ**

- ജീവശാസ്ത്രപരമായി നൽകപ്പെട്ടത്.
- പോരായ്മകളിൽ നിന്നാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.
- ഇരയായി കാണുന്നു.
- വ്യക്തിയുടെ ആത്മവീക്ഷണത്തെ ബാധിക്കുന്നു.
- പിന്തുണ ആവശ്യമാണ്.

## ഫോക്കസ് ഏരിയ

1. സാമൂഹ്യ അസമത്വവും ബഹിഷ്കരണവും എങ്ങനെയാണ് സാമൂഹികമാകുന്നത്.
2. ജാതിയും ഗോത്രവും - അസമത്വങ്ങളെ നീതീകരിക്കുകയും നിലനിർത്തുകയും ചെയ്യുന്ന വ്യവസ്ഥകൾ
3. ജാതി - ഗോത്ര വിവേചനത്തിനെതിരെ രാഷ്ട്രത്തിന്റെയും രാഷ്ട്രേതര ഘടകങ്ങളുടെയും പരിശ്രമങ്ങൾ
4. ആദിവാസി പോരാട്ടങ്ങൾ
5. സ്ത്രീകളുടെ സമത്വത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ
6. ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ

**1. ഫ്ളോചാർട്ട് പൂർത്തിയാക്കുക**

**സാമൂഹികവിഭവങ്ങൾ**

| സാമ്പത്തിക മൂലധനം | സാംസ്കാരിക മൂലധനം | സാമൂഹിക മൂലധനം |
| --- | --- | --- |
| .................................. .................................. | .................................. .................................. | .................................. .................................. |

എ) ബന്ധങ്ങളുടെ ശൃംഖല

ബി) വരുമാനം

സി) പദവി

ഡി) ഭൗതികമായ സ്വത്ത്

ഇ) വിദ്യാഭ്യാസം

സാമൂഹ്യ സമാജങ്ങൾ (3)

**2. ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങളിൽ നിന്നും ബോക്സിനുള്ളിലെ പ്രക്രിയ കണ്ടെത്തുക**

**?**

സമൂഹത്തിന്റെ സ്വഭാവം

തലമുറകളായി നിലനിൽക്കുന്നു

വിശ്വാസങ്ങളും പ്രത്യയ ശാസ്ത്രങ്ങളും പിന്തുണയ്ക്കുന്നു.

(1)

**3. ഓ... ഞാൻ വിശാല സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടാണ് എനിക്കും ഇത് സംഭവിക്കുന്നത്? പ്രക്രിയ ഏതെന്ന് കണ്ടെത്തുക?**

..........................................

ചിട്ടയായ

സ്വമേധയാ അല്ലാത്തത് (1)

**4. അസ്പൃശ്യതയുടെ വിവിധ മാനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. വിട്ടുപോയത് കണ്ടെത്തുക?**

എ) ബഹിഷ്കരണം

ബി) അപമാനം - അധീനപ്പെടുത്തൽ (1)

സി) ..................................................................

5. **'ഹരിജൻ' (ദൈവത്തിന്റെ മക്കൾ) എന്ന പദം ജനകീയമാക്കിയ പ്രമുഖ വ്യക്തി ആര്?** (1)

എ) ജ്യോതിബാഫുലേ

ബി) അംബേദ്കർ

സി) മഹാത്മഗാന്ധി

ഡി) ജവഹർലാൽ നെഹ്റു

6. **ചുവടെ കൊടുത്തിരിക്കുന്നവയെ രണ്ട് കോളങ്ങളിലായി തിരിക്കുക.**

എ) 1850-ലെ ജാതി വൈകല്യനിവാരണ നിയമം

ബി) ദളിത് സംഘർഷ് സമിതി

സി) ജ്യോതിബ ഫൂലെ

ഡി) പട്ടികജാതി-പട്ടികവർഗ (അതി:ക്രമനിയന്ത്രണ നിയമം)

| രാഷ്ട്ര നടപടികൾ | രാഷ്ട്രേതര നടപടികൾ |
|---|---|
| | |

(2)

7. **പിന്നാക്ക വിഭാഗകമ്മീഷന്റെ ചെയർമാനെ കണ്ടെത്തുക?**

കാകാ കലേൽക്കർ കമ്മീഷൻ → കാകാ കലേൽക്കർ

മണ്ഡൽ കമ്മീഷൻ → ................................... (1)

8. **ആദിവാസി പോരാട്ടങ്ങളുടെ രണ്ട് കാരണങ്ങൾ കണ്ടെത്തുക?**

1. ദയനീയമായ സാമ്പത്തിക, സാമൂഹ്യ കാരണങ്ങൾ
2. ദാരിദ്ര്യം, ചൂഷണം
3. മൂലധനാധിഷ്ഠിത വ്യവസായവൽക്കരണം
4. ................................................
5. ................................................

(2)

9. **സ്ത്രീ സമത്വവുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് പൂർത്തിയാക്കുക.**

സ്ത്രീപുരുഷ തുലന → ........................................... → പുരുഷമേധാവിത്വസമൂഹത്തിന്റെ ഇരട്ട നീതിയ്ക്കെതിരെ

സുൽത്താനയുടെ സ്വപ്നം (എഴുതിയത്) → ................................................. → സ്ത്രീ പുരുഷ പങ്കുകൾ പരസ്പരം മാറുന്നു

10. **വൃത്തത്തിനകത്ത് വിട്ടുപോയഭാഗം പൂരിപ്പിക്കുക.**

പൊതുധാരണ → ജീവശാസ്ത്രപരമായി ലഭിച്ചത്
→
→

**11. (എ) കോളം അനുസരിച്ച് (ബി) കോളം ക്രമീകരിക്കുക**

| കോളം എ | കോളം ബി |
|---|---|
| എ. സാമൂഹ്യപരിഷ്കർത്താവ് | പോരാടിയത് |
| ബി. രാജാറാം മോഹൻറോയ് | വിധവാപുനർവിവാഹ പ്രസ്ഥാനം |
| സി. റാനഡെ | ഇസ്ലാം മതത്തിനിടയിൽ സാമൂഹ്യപരിഷ്കരണം |
| ഡി.ജ്യോതിബാ ഫുലേ | ജാതിലിംഗ വിവേചനത്തിനെതിരെ |

(4)

# അധ്യായം – 5

## ഉത്തരസൂചിക

1. 1. സാമ്പത്തിക മൂലധനം

   ബി) വരുമാനം ഡി) ഭൗതികമായ സ്വത്ത്

   2. സാംസ്കാരിക മൂലധനം

   സി) പദവി ഇ) വിദ്യാഭ്യാസം

   3. സാമൂഹികമൂലധനം

   എ) ബന്ധങ്ങളുടെ ശൃഖല

   എഫ്)സാമൂഹിക സമാജങ്ങൾ (3)

2. സാമൂഹിക ശ്രേണീകരണം (1)
3. സാമൂഹിക ബഹിഷ്കരണം (1)
4. ചൂഷണം (1)
5. മഹാത്മാഗാന്ധി (1)
6. രാഷ്ട്രനടപടികൾ / രാഷ്ട്രേതര നടപടികൾ

   എ) 1850-ലെ ജാതി വൈകല്യ നിവാരണ നിയമം / ബി) ദളിത് സംഘർഷ് സമിതി

   ഡി) പട്ടികജാതി-പട്ടികവർഗ (അതി:ക്രമനിയന്ത്രണ നിയമം) / സി) ജ്യോതിബ ഫൂലെ (2)

7. ബി.പി. മണ്ഡൽ (1)
8. 4) ഡാമുകളുടെ നിർമാണം

   5) ഭൂമിയിൽ നിന്നുമുള്ള കുടിയൊഴിപ്പിക്കൽ (2)

9. സ്ത്രീപുരുഷ തുലന — താരാഭായ് ഷിൻഡേ

   സുൽത്താനയുടെ സ്വപ്നം — ബീഗം റുഖിയ (2)

10. ഭിന്നശേഷി
11. 

| സാമൂഹിക പരിഷ്കർത്താവ് | പോരാടിയത് |
|---|---|
| എ) രാജാറാം മോഹൻറായ് | സതിവിരുദ്ധപ്രചരണം |
| ബി) റാനെഡെ | വിധവാപുനർവിവാഹപ്രസ്ഥാനം |
| സി) ജ്യോതിബാ ഫുലേ | ജാതി, ലിംഗവിവേചനത്തിന് എതിരെ |
| ഡി) സർ സെയ്ദ് അഹമ്മദ്ഖാൻ | സാമൂഹികപരിഷ്കരണപ്രസ്ഥാനം (4) |

## അധ്യായം – 6

# സാംസ്കാരിക വൈവിധ്യം നേരിടുന്ന വെല്ലുവിളികൾ

### ഓർത്തിരിക്കേണ്ട കാര്യങ്ങൾ

- ചില സമയങ്ങളിൽ സാംസ്കാരിക വൈവിധ്യം കടുത്ത വെല്ലുവിളികൾ ഉയർത്താം.
- സാമുദായിക സ്വത്വത്തിന്റെ അടിസ്ഥാനം ജനനവും ഉൾച്ചേരലുമാണ്.
- സമുദായങ്ങൾ, ദേശങ്ങൾ, ദേശരാഷ്ട്രങ്ങൾ.
- സാംസ്കാരിക വൈവിധ്യവും ഇന്ത്യൻ ദേശരാഷ്ട്രവും.
- രാഷ്ട്രവും പൗരസമൂഹവും

### ഫോക്കസ് ഏരിയ


- വൈവിധ്യം പ്രാധാന്യം നൽകുന്നത് വ്യത്യാസങ്ങൾക്കാണ്, അസമത്വങ്ങൾക്കല്ല.
- സാമുദായിക സ്വത്വത്തിന്റെ പ്രാധാന്യം.
- പ്രാദേശികവാദം
- വർഗീയത
- മതനിരപേക്ഷത
- പൗരസമൂഹം

### പ്രവർത്തനം 1

1. **ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ഉചിതമായത് തെരഞ്ഞെടുത്ത് ഫ്ളോചാർട്ട് പൂർത്തിയാക്കുക.**

   (ജനനം, ഉൾചേർക്കൽ, ആർജിതപദവി, ആരോപിതപദവി, ആകസ്മികം, ഉപാധി യോടു് കൂടിയത്)

**സാമുദായിക സ്വത്വം**




(3)

### 2. പ്രവർത്തനം 2

**ഒറ്റപ്പെട്ടതിനെ കണ്ടെത്തുക**


എ) മതപരമായ സ്വത്വത്തെ അടിസ്ഥാനമാക്കിയുള്ള ആക്രമണോത്സുകമായ സങ്കുചിതത്വം.

ബി)മതത്തിൽനിന്നും രാഷ്ട്രീയ അധികാരത്തിൽ നിന്നും വേറിട്ടു നിൽക്കുക.

സി) മതവുമായി ബന്ധപ്പെട്ട അക്രമണോത്സുകമായ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രം.

**ഉത്തരത്തെ ന്യായീകരിക്കുക** (1)

## പ്രവർത്തനം 3




**ചുവടെ നൽകിയിരിക്കുന്ന ഓപ്ഷനുകൾ ഉപയോഗിച്ച് ചിത്രം പൂർത്തിയാക്കുക**

എ) പൊതുജീവിതത്തിൽ നിന്നുള്ള മതത്തിന്റെ പുരോഗമനപരമായ പിൻമാറ്റം.

ബി) ആക്രമണോത്സുകമായ സമീപനം

സി) പ്രാദേശിക സ്വത്വം.


ഡി) ആധുനികതയുടെ ആഗമനം

ഇ) സംഘർഷം

എഫ്)ശാസ്ത്രത്തിന്റെയും യുക്തിചിന്തയുടെയും ഉദയം

## പ്രവർത്തനം 4

ഫ്ളോചാർട്ട് പൂർത്തിയാക്കുക.



## പ്രവർത്തനം 5

**തരംതിരിക്കുക** (2)

എ) ജനങ്ങൾക്ക് അഭിപ്രായമുണ്ടാവില്ല.

ബി) സംസാരസ്വാതന്ത്ര്യം

സി) അധികാരം കേന്ദ്രീകൃതമായിരിക്കും.

ഡി) മാധ്യമസ്വാതന്ത്രം

| സ്വേഛാധിപത്യരാഷ്ട്രം | ജനാധിപത്യ രാഷ്ട്രം |
|---|---|
| • | • |
| • | • |

## പ്രവർത്തത്തനം 6

**ഫ്ളോചാർട്ട് ചാർട്ട് പൂർത്തിയാക്കുക**

**പൗരസമൂഹം**

- രാഷ്ട്രേതരം
- [ ]
- കുടുംബത്തിന്റെ സ്വകാര്യ മണ്ഡലത്തിന് അപ്പുറത്തുള്ളത്

(1)

## പ്രവർത്തനം 7

പൗരസമൂഹത്തിൽ ഉൾപ്പെടാത്ത രണ്ടു സംഘടനകളെ തെഞ്ഞെടുക്കുക.

എ) രാഷ്ട്രീയപാർട്ടികൾ

ബി) ബാങ്ക്

സി) ഗവൺമെന്റിതര സംഘടനകൾ

ഡി) പാർലമെന്റ് (2)

## പ്രവർത്തനം 8

ഒരു പ്രത്യേക പ്രദേശത്തിനു മേൽ ആധിപത്യം ചെലുത്തുവാൻ അധികാരമുള്ള സ്ഥാപനമാണ് രാഷ്ട്രമെന്ന് അഭിപ്രായപ്പെട്ട സമൂഹശാസ്ത്രജ്ഞൻ

എ) മാക്സ് വെബർ ബി) കാറൽ മാർക്സ് സി) എമിലി ഡർക്കിം ഡി) സി.ഡബ്ല്യു. മിൽസ് (1)

# അധ്യായം – 6

# ഉത്തരസൂചിക

## പ്രവർത്തനം 1

- ജനനം, ഉൾച്ചേരൽ
- ആരോപിത പദവി
- ആകസ്മികം (3)

## പ്രവർത്തനം 2

എ) ബി) മതത്തിൽ നിന്നും രാഷ്ട്രീയ അധികാരത്തിൽ നിന്നും വേറിട്ടു നിൽക്കുക.

ബി) മറ്റ് രണ്ടു പ്രത്യേകതകളും വർഗീയതയുമായി ബന്ധപ്പെട്ടിരിക്കുന്നു.

## പ്രവർത്തനം 3

എ) പൊതു ജീവിതത്തിൽ നിന്നുള്ള മതത്തിന്റെ പുരോഗമനപരമായ പിന്മാറ്റം

ബ) ആധുനികതയുടെ ആഗമനം

സി) ശാസ്ത്രത്തിന്റെയും യുക്തിചിന്തയുടെയും ഉദയം

## പ്രവർത്തനം 4

എല്ലാ മതങ്ങളെയും തുല്യമായി ബഹുമാനിക്കുന്നു.

## പ്രവർത്തനം 5

| സ്വേച്ഛാധിപത്യ രാഷ്ട്രം | ജനാധിപത്യ രാഷ്ട്രം |
|---|---|
| ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യമുണ്ടാവില്ല | സംസാരിക്കാനുള്ള സ്വാതന്ത്ര്യം |
| അധികാരം കേന്ദ്രീകൃതമായിരിക്കും | അച്ചടി മാധ്യമ സ്വാതന്ത്ര്യം |

## പ്രവർത്തനം 6

വിപണിയേതരം

## പ്രവർത്തനം 7

എ) ബാങ്ക് ബി) പാർലമെന്റ്

## പ്രവർത്തനം 8

എ) മാക്സ് വെബർ

# അധ്യായം – 7

# ഘടനാപരമായ മാറ്റം

## ഫോക്കസ് ഏരിയ

- കോളനിവാഴ്ചയുടെ സ്വാധീനം
- കോളനിവാഴ്ചയെ മനസ്സിലാക്കൽ
- സ്വതന്ത്ര ഇന്ത്യയിലെ വ്യവസായവൽക്കരണം
- സ്വതന്ത്ര ഇന്ത്യയിലെ നഗരവൽക്കരണം

## പ്രവർത്തനം 1

ബ്രിട്ടീഷ് കോളനിവാഴ്ചയുടെ സ്വാധീനം സമകാലീന ഇന്ത്യയിൽ നിലനില്ക്കുന്നു. രണ്ട് ഉദാഹരണങ്ങൾ എഴുതുക. (2)

## പ്രവർത്തനം 2

ഒരു രാജ്യത്തിനുമേൽ മറ്റൊരു രാജ്യം ആധിപത്യം സ്ഥാപിക്കുന്നതിനെ ------------ എന്നുപറയുന്നു (1)

## പ്രവർത്തനം 3

മുതലാളിത്ത പൂർവകാലഘട്ടം മുതലാളിത്തകാലഘട്ടം

സാമ്പത്തിക അടിത്തറയിൽ ഇടപെട്ടില്ല (1)

## പ്രവർത്തനം 4

ഉൽപാദന ഉപാധികൾ സ്വകാര്യമായി സ്വന്തമാക്കുകയും കമ്പോള വ്യവസ്ഥയിൽ ലാഭം നേടിയെടുക്കുന്നതിനുവേണ്ടി സംഘടിക്കപ്പെട്ടതുമായ സാമ്പത്തികവ്യവസ്ഥ തിരിച്ചറിയുക.

എ) സോഷ്യലിസം

ബി) മുതലാളിത്തം

സി) വർഗീയത

ഡി) പ്രാദേശികവാദം (1)

## പ്രവർത്തനം 5

ബ്രിട്ടീഷ് വ്യവസായവൽക്കരണത്തിന്റെ സ്വാധീനംകൊണ്ട് ഇന്ത്യയിലെ ചില മേഖലകളിൽ വ്യവസായവൽക്കരണം ഉളവായി. ബ്രിട്ടീഷുകാർ കൊണ്ടുവന്ന വ്യവസായവൽക്കരണത്തിന്റെ സ്വാധീനം ഏറ്റവും ദോഷകരമായി ബാധിച്ച ഒരു മേഖല കണ്ടെത്തുക.

എ) പരുത്തി ബി) ചണം സി) സ്മാർട്ട് ഫോൺ ഡി) കമ്പ്യൂട്ടർ (1)

## പ്രവർത്തനം 6

**രണ്ടു കോളങ്ങളിൽ ക്രമീകരിക്കുക**

സൂറത്ത്, ബോംബെ, മസൂലിപട്ടണം, മദ്രാസ്

| പഴയ നഗരങ്ങൾ | പുതിയ നഗരങ്ങൾ |
|---|---|
| | |

## പ്രവർത്തനം 7

**ഉചിതമായത് തെരഞ്ഞെടുത്ത് ചുവടെ തന്നിരിക്കുന്ന ബോക്സിൽ പൂരിപ്പിക്കുക.**

എ) ബ്രിട്ടീഷ് വ്യവസായവൽക്കരണത്തിന്റെ സ്വാധീനം

ബി) ആളുകൾ നഗരപ്രദേശങ്ങളിലേയ്ക്ക് പോയി

സി) ആളുകൾ കൃഷിയിലേയ്ക്ക് തിരിഞ്ഞു

| ഇന്ത്യ |
|---|
| |

| ഇംഗ്ലണ്ട് |
|---|
| |

(2)

## പ്രവർത്തനം 8

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വ്യവസായവൽക്കരണം പ്രാധാന്യം നൽകിയത്.

എ) ഭാരമേറിയതും യന്ത്രനിർമാണ വ്യവസായങ്ങൾ

ബി) .................. മേഖലയുടെ വ്യാപനം

സി) വലിയ സഹകരണമേഖല (1)

## പ്രവർത്തനം 9

**വിട്ടുപോയത് പൂരിപ്പിക്കുക**

**നഗരവല്ക്കരണത്തിന്റെ സാഹചര്യങ്ങൾ**
എം.എസ്.എ. റാവു

- ________________
- ________________
- മെട്രോപോളിറ്റൻ നഗരങ്ങളുടെ വളർച്ച

**പ്രവർത്തനം 10**

എ) ഒറ്റതിരിഞ്ഞത് കണ്ടെത്തുക

യന്ത്രത്തിന്റെ സഹായത്തോടെയുള്ള ഉൽപാദനം

കൃഷി

ഫാക്ടറികൾ

സാങ്കേതികവിദ്യ (1)

സി) ഉത്തരത്തെ സാധുകരിക്കുക

ഞാൻ ഈ ഉത്തരം തെരഞ്ഞെടുത്തതിന്റെ കാരണം? (2)

(2)

# ഉത്തരസൂചിക

**പ്രവർത്തനം 1**

പാർലമെന്റ് സമ്പ്രദായം

നിയമവ്യവസ്ഥ

**പ്രവർത്തനം 2**

കോളനിവാഴ്ച

**പ്രവർത്തനം 3**

ലാഭേച്ഛ കേന്ദ്രീകൃതം

**പ്രവർത്തനം 4**

ബി) മുതലാളിത്തം

**പ്രവർത്തനം 5**

എ) പരുത്തി

**പ്രവർത്തനം 6**

| പഴയ നഗരങ്ങൾ | പുതിയ നഗരങ്ങൾ |
|---|---|
| സൂറത്ത്, മുസ്‌ലിം പട്ടണം | ബോംബെ, മദ്രാസ് |

**പ്രവർത്തനം 7**

**ഇന്ത്യ**

ജനങ്ങൾ കൃഷിയിലേയ്ക്ക് തിരിഞ്ഞു

**ഇംഗ്ലണ്ട്**

ജനങ്ങൾ നഗര പ്രദേശങ്ങളിലേക്ക് സഞ്ചരിച്ചു.

**പ്രവർത്തനം 8**

പൊതുമേഖലയുടെ വ്യാപനം

**പ്രവർത്തനം 9**

- ജനങ്ങൾ ദൂരെയുള്ള നഗരങ്ങളിലേയ്ക്ക് തൊഴിൽ തേടി പോയി
- വ്യാവസായിക പട്ടണത്തിനു സമീപമുള്ള ഗ്രാമങ്ങൾക്ക് നഗരത്തിന്റെ സ്വാധീനമുണ്ടായി

**പ്രവർത്തനം 10**

- കൃഷി
- മറ്റെല്ലാം വ്യവസായവൽക്കരണവുമായി ബന്ധപ്പെട്ടതാണ്

# അധ്യായം – 8

# സാംസ്കാരിക മാറ്റം

## ഓർക്കേണ്ടകാര്യങ്ങൾ

- **പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലും ഇന്ത്യയിൽ നടന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനം**
  - സാമൂഹ്യതിന്മകൾക്കെതിരെ
  - സതി, ശൈശവവിവാഹം, വിധവാ പുനർവിവാഹം, ജാതി വിവേചനം
  - ആധുനിക പശ്ചാത്തലവും ആശയസങ്കലനവും
- **സംസ്കൃതവൽക്കരണം, ആധുനികവൽക്കരണം, മതേതരവൽക്കരണം പാശ്ചാത്യവൽക്കരണം**

**സംസ്കൃതവൽക്കരണം**

- എം.എൻ. ശ്രീനിവാസ് ആണ് ഈ ആശയം കൊണ്ടുവന്നതാണ്
- താണ ജാതിയിലോ ഗണത്തിൽപെടുന്നവർ ഉയർന്ന വിഭാഗത്തിൽപ്പെട്ടവരുടെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ജീവിതരീതി എന്നിവ അനുകരിക്കുന്ന രീതി
- അപസംസ്കൃതവൽക്കരണം
- സംസ്കൃതവൽക്കരണത്തിന് എതിരെയുള്ള വിമർശനങ്ങൾ

**പാശ്ചാത്യവൽക്കരണം**

- എം.എൻ. ശ്രീനിവാസ്
- 150 വർഷത്തെ ബ്രിട്ടീഷ് ഭരണംകൊണ്ട് ഇന്ത്യൻ സമൂഹത്തിലും സംസ്കാരത്തിലുമുണ്ടായ മാറ്റങ്ങൾ
- വ്യത്യസ്ത രീതിയിലുള്ള പാശ്ചാത്യവൽക്കരണമുണ്ട്

**ആധുനികവൽക്കരണം**

- ഗുണകരവും അനുയോജ്യവുമായ മൂല്യങ്ങൾ
- സാങ്കേതികരംഗത്തുള്ള പുരോഗതി

**മതേതരവൽക്കരണം**


- മതത്തിന്റെ പ്രാധാന്യം കുറയുന്നു

## ഫോക്കസ് ഏരിയ

1. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലും ഇന്ത്യയിൽ നടന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനം
2. സംസ്കൃതവൽക്കരണം, ആധുനികവൽക്കരണം, മതേതരവൽക്കരണം പാശ്ചാത്യ വൽക്കരണം

### പ്രവർത്തനം 1

ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ഉചിതമായത് തെരഞ്ഞെടുക്കുക.




- അച്ചടിമാധ്യമങ്ങൾ
- ആര്യസമാജം
- മിതവാദം
- ആൾ ഇന്ത്യ മുസ്ലിം ലേഡീസ് കോൺഫറൻസ്
- കമ്പിത്തപാൽ
- സ്വാതന്ത്ര്യം (3)

### പ്രവർത്തനം 2

സംസ്കൃതവൽക്കരണം എന്ന ആശയം കൊണ്ടുവന്നതാര്?

- ആൽഫ്രെഡ് ഗെൽ
- എം.എൻ. ശ്രീനിവാസ്
- ഡോ. ബി ആർ അംബേദ്കർ
- മഹാത്മാഗാന്ധി (1)

### പ്രവർത്തനം 3

**പ്രക്രിയയെ തിരിച്ചറിയുക**

ഒരു താണ ജാതിയിലോ, ഗോത്രത്തിലോ, മറ്റ് ഗണങ്ങളിലോപ്പെട്ട വിഭാഗക്കാർ ഉയർന്ന പ്രത്യേകിച്ച് ദ്വിജന്മാരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രത്യയശാസ്ത്രങ്ങളും ജീവിതരീതികളും അനുകരിക്കുന്ന പ്രക്രിയ

(സംസ്കൃതവൽക്കരണം, ആധുനികവൽക്കരണം, പാശ്ചാത്യ വൽക്കരണം, മതേതര വൽക്കരണം) (1)

### പ്രവർത്തനം 4

**ഈ പ്രക്രിയയ്ക്ക് ഉചിതമായ പേര് നൽകുക**

ചില പ്രദേശങ്ങളിൽ സംസ്കൃതമല്ലാത്ത ജാതികൾ സംസ്കൃത ജാതികളെ സ്വാധീനിക്കുന്നു. (1)

## പ്രവർത്തനം 5

സംസ്കൃതവൽക്കരണം വ്യത്യസ്തതലങ്ങളിൽ വിമർശിക്കപ്പെട്ടിട്ടുണ്ട്.

**വിട്ടു പോയ ഭാഗങ്ങൾ കണ്ടെത്തുക.**

എ) സാമൂഹ്യ ചലനത്തെ പെരുപ്പിച്ചു കാട്ടുന്നു

ബി) അസമത്വത്തേയും ബഹിഷ്കരണത്തേയും നീതീകരിക്കുന്നു.

സി) ----------------------

ഡി) പെൺകുട്ടികളെയും സ്ത്രീകളെയും മാറ്റിനിർത്തുന്നു.

ഇ) ------------------------------------- (2)

## പ്രവർത്തനം 6

ബ്രിട്ടീഷുകാരുടെ 150 വർഷത്തെ ഭരണംകൊണ്ട് ഇന്ത്യൻ സമൂഹത്തിനും സംസ്കാരത്തിനുമുണ്ടായ മാറ്റമാണ് പാശ്ചാത്യവൽക്കരണം എന്നുപറഞ്ഞ സമൂഹശാസ്ത്രജ്ഞൻ ആര്? (1)

## പ്രവർത്തനം 7

എം.എൻ. ശ്രീനിവാസിന്റെ അഭിപ്രായത്തിൽ താഴ്ന്ന ജാതിയിൽപെട്ടവർ സംസ്കൃത വൽക്കരിക്കാൻ ആഗ്രഹിച്ചു, ഉയർന്ന ജാതിക്കാർ ആഗ്രഹിച്ചത് ..............നാണ് (1)

## പ്രവർത്തനം 8

ഏതു പ്രക്രീയയിലാണ് ജനങ്ങളുടെ ഇടയിൽ മതത്തിന്റെ സ്വാധീനം കുറയുന്നത്. (1)


## പ്രവർത്തനം 9

ബ്രാക്കറ്റിൽ നൽകിയിരിക്കുന്നവയിൽ നിന്നു ആധുനികവൽക്കരണത്തിന്റെ രണ്ടു സവിശേഷതകൾ കണ്ടെത്തുക.

സാങ്കേതിക വിദ്യയുടെ പുരോഗതി, വർഗീയത അനുയോജ്യമായ മൂല്യങ്ങൾ, പ്രാദേശിക പാരമ്പര്യം. (2)

## പ്രവർത്തനം 10

വിട്ടുപോയത് കണ്ടെത്തുക




(1)

# ഉത്തരസൂചിക

## പ്രവർത്തനം – 1

1. എ) അച്ചടിമാധ്യമം

 ഇ) കമ്പിത്തപാൽ

2. ബി) ആര്യസമാജം

 ഡി ഓൾ ഇന്ത്യ മുസ്‌ലിം ലേഡീസ് കോൺഫറൻസ്.

3 സി) മിതവാദം

 എഫ്) സ്വാതന്ത്ര്യം (3)

## പ്രവർത്തനം 2

എം.എൻ. ശ്രീനിവാസ് (1)

## പ്രവർത്തനം 3

സംസ്കൃതവൽക്കരണം (1)

## പ്രവർത്തനം 4

അപസംസ്കൃതവൽക്കരണം (1)

## പ്രവർത്തനം 5

ഉയർന്ന ജാതിക്കാരെ മികച്ചതായി കാണുന്നു.

ദളിത് സംസ്കാരത്തെ അവഗണിക്കുന്നു. (2)

## പ്രവർത്തനം 6

ഡോ. എം.എൻ. ശ്രീനിവാസ് (1)

## പ്രവർത്തനം 7

പാശ്ചാത്യവൽക്കരിക്കുന്നു. (1)

## പ്രവർത്തനം 8

മതേതരവൽക്കരണം (1)

## പ്രവർത്തന 9

സാങ്കേതിക വിദ്യയുടെ പുരോഗതി യോജിച്ച മൂല്യങ്ങൾ (2)

## പ്രവർത്തനം 10

പാശ്ചാത്യ സംസ്കാരഘടങ്ങുകൾ പൊതുവായി വ്യാപിക്കുന്നു. (1)

# അധ്യായം – 9

# ഇന്ത്യൻ ജനാധിപത്യത്തിന്റെ കഥ

## ഓർത്തിരിക്കേണ്ട കാര്യങ്ങൾ

ഇന്ത്യൻ ഭരണഘടന ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയാണ്.

- *ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ.*
- *പഞ്ചായത്തീരാജ് സമ്പ്രദായത്തിന്റെ പങ്ക്.*
- *ഇന്ത്യൻ ജനാധിപത്യത്തിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും തല്പരസംഘടനകളുടെയും പങ്ക്.*

## ഫോക്കസ് ഏരിയ

- ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ.
- ഭരണഘടന നിർമാണ സഭയിലെ സംവാദങ്ങൾ ഒരു ചരിത്രം.
- മതസരാധിഷ്ഠിത താല്പര്യങ്ങൾ, ഭരണഘടനയും സാമൂഹിക മാറ്റവും
- സാമൂഹ്യനീതിയും, ഭരണഘടനാപരമായ ചട്ടങ്ങളും
- പഞ്ചായത്തീ രാജും, ഗ്രാമീണ സാമൂഹികമാറ്റത്തിന്റെ വെല്ലുവിളികളും
- പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും
- ഗോത്രവർഗ പ്രദേശങ്ങളിലെ പഞ്ചായത്തീരാജ്
- ജനാധിപത്യവും അസമത്വവും
- രാഷ്ട്രീയ പാർട്ടികളും, സമ്മർദ്ദ സംഘടനകളും ജനാധിപത്യ രാഷ്ട്രീയത്തിൽ

## പ്രവർത്തനങ്ങൾ

1. **2 തരത്തിലുള്ള ജനാധിപത്യം**

   എ) ..................................................

   ബി) ..................................................

(2)


2. ചില സംസ്ഥാനങ്ങളിൽ ചെറിയ സിവിൽ-ക്രിമിനൽ കേസുകളിൽ തീർപ്പുകൽപ്പിക്കാൻ വേണ്ടി രൂപീകരിച്ച പഞ്ചായത്ത്.

   എ) വന പഞ്ചായത്ത് ബി) ന്യായ പഞ്ചായത്ത് സി) ഗ്രാമ പഞ്ചായത്ത്

(1)

**3. ഉചിതമായ രീതിയിൽ കോളം പൂർത്തിയാക്കുക**

**പഞ്ചായത്ത് രാജ് ത്രിതല ഘടന**




(2)

| **4. ശരിയായ കോളത്തിൽ ടിക്ക് ചെയ്യുക** | **ശരി** | **തെറ്റ്** |
|---|---|---|
| i) നിയമവും നീതിയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? | | |
| ii) ഭരണഘടന സാധാരണക്കാരനെ സഹായിക്കുന്നു. | | |
| iii) ജനാധിപത്യ ആശയം പൂർണമായും പാശ്ചാത്യമാണ് | | |
| iv) പല ഗോത്രപ്രദേശങ്ങളിലും പണ്ടുമുതൽക്കേ ജനാധിപത്യ സമ്പ്രദായമുണ്ടായിരുന്നു. | | |
| v) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ച് ഗാന്ധിജിയുടെയും അംബേദ്കറുടെയും കാഴ്ചപ്പാടുകൾ ഒന്നായിരുന്നു. | | |

(1 x 5 = 5)

5. ബ്രാക്കറ്റിൽ നിന്നും ഉചിതമായ ഉത്തരം തെരഞ്ഞെടുത്ത് കോളം പൂർത്തിയാക്കുക

(73-ാമത്, ഗാന്ധിജി, ഉത്തരാഖണ്ഡ്, 74-ാമത്, ഗ്രാമസഭ)

| | |
|---|---|
| i) ത്രിതല പഞ്ചായത്തിന്റെ അടിസ്ഥാനം | |
| ii) ഗ്രാമസ്വരാജ് | |
| iii) വന പഞ്ചായത്ത് | |
| iv) നഗരപാലിക ബിൽ | |
| v) പഞ്ചായത്ത് രാജ് | |

(1 x 5 = 5)

6. പഞ്ചായത്തിന്റെ നാലു പ്രധാന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും പട്ടികപ്പെടുത്തുക

| **പഞ്ചായത്തിന്റെ 4 അധികാരങ്ങളും ഉത്തരവാദിത്തങ്ങളും** |
|---|
| •<br>•<br>•<br>• |

(1 x 5 = 5)

7. ചാർട്ട് പൂർത്തീകരിക്കുക

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ത്രിതല ഘടന

- 20 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഒരു ത്രിതലപഞ്ചായത്ത് സമ്പ്രദായം വ്യവസ്ഥ ചെയ്യുന്നു.
-
-

(2)

8. ഇന്ത്യൻ ഭരണഘടനയുടെ അന്തിമ വ്യാഖ്യാതാവും ഏറ്റവും ഉയർന്ന കോടതിയും ഏതാണ്?

(ഹൈക്കോടതി, ജില്ലാ കോടതി, സുപ്രീംകോടതി)

(1)

9. ഗ്രാമപഞ്ചായത്തുകളെ കുറിച്ചുള്ള നിർദേശകതത്വം ഒരു ഭരണഘടനാ ഭേദഗതിയിലൂടെ അവതരിപ്പിച്ചത് ..........ആണ്.

(ബി.ആർ. അംബേദ്കർ, ജവഹർലാൽ നെഹ്റു, കെ ശാന്താറാം)

(1)

10. ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പങ്കിനെകുറിച്ച് ഒരു കുറിപ്പ് എഴുതുക

(3)

## അധ്യായം 9

## ഉത്തരസൂചിക

1. എ) നേരിട്ടുള്ള ജനാധിപത്യം

   ബി) പ്രാതിനിധ്യ ജനാധിപത്യം

2. വനപഞ്ചായത്ത്

3. എ) ജില്ലാ പഞ്ചായത്ത്

   സി) ഗ്രാമപഞ്ചായത്ത്

4. i) അതെ

   ii) അതെ

   iii) അല്ല

   iv) അതെ

   v) അല്ല

5. i) ഗ്രാമസഭ

   ii) ഗാന്ധിജി

   iii) ഉത്തരാഖണ്ഡ്

   iv) 74-ാം ഭേദഗതി

   v) 73-ാം ഭേദഗതി

6. i) സാമ്പത്തിക പുരോഗതിക്കായുള്ള പദ്ധതികൾ തയാറാക്കുക.

   ii) സാമൂഹ്യ നീതി ഉറപ്പാക്കുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

   iii) നികുതികൾ, തീരുവകൾ, ഓഫീസുകൾ, എന്നിവ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുക.

   iv) ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാന ഗവൺമെന്റിനെ സഹായിക്കുക.

7. • ഓരോ 5 വർഷം കൂടുമ്പോഴും നിർബന്ധമായും തെരഞ്ഞെടുപ്പ് നടത്തണം.

   • സ്ത്രീകൾ, പിന്നാക്ക ജാതിക്കാർ, പിന്നാക്കവർഗക്കാർ എന്നിവർക്കുള്ള സീറ്റ് സംവരണം

8. സുപ്രീംകോടതി

9. കെ ശാന്താറാം

10 • ഒരു ജനാധിപത്യ ഗവൺമെന്റിൽ രാഷ്ട്രീയപാർട്ടികൾക്ക് സുപ്രധാന സ്ഥാനമുണ്ട്.

   • ഗവൺമെന്റിന്റെ നിയന്ത്രണം നേടിയെടുക്കാൻ വേണ്ടി രൂപീകരിക്കപ്പെട്ട സംഘടനകളാണ് രാഷ്ട്രീയ പാർട്ടികൾ.

   • രാഷ്ട്രീയ അധികാരം ഉപയോഗിച്ചുകൊണ്ട് ചില പ്രത്യേക പരിപാടികൾ നടപ്പിലാക്കുന്നു.

## അധ്യായം – 10

# ഗ്രാമ സമൂഹത്തിലെ മാറ്റവും വികസനവും

### ഓർത്തിരിക്കേണ്ട കാര്യങ്ങൾ


- ഇന്ത്യൻ ഗ്രാമങ്ങളിലെ കാർഷിക ഘടന.
- ഇന്ത്യൻ ഗ്രാമ സമൂഹങ്ങളിൽ ജാതിയുടെയും വർഗത്തിന്റെയും പങ്ക്.
- ഗ്രാമ സമൂഹത്തിലെ ഭൂനികുതി സമ്പ്രദായം.
- സ്വതന്ത്ര ഇന്ത്യയിലെ ഭൂപരിഷ്കാരണങ്ങൾ.
- ഹരിതവിപ്ലവത്തിന്റെ സാമൂഹിക സ്വാധീനം.
- ഇന്ത്യൻ ഗ്രാമങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ.
- തൊഴിൽ ചംക്രമണവും അതിന്റെ പ്രത്യാഘാതങ്ങളും.
- കാർഷികമേഖലയിൽ ആഗോള-ഉദാരവൽക്കരണ നടപടികളുടെ സ്വാധീനം.

### ഫോക്കസ് ഏരിയ

1. ഇന്ത്യൻ സമൂഹം പ്രാഥമികമായി ഒരു കാർഷിക സമൂഹം
2. കാർഷികഘടന - ഗ്രാമീണ ഇന്ത്യയിലെ ജാതിയും വർഗവും
3. കോളനി കാലഘട്ടം
4. സ്വതന്ത്ര ഇന്ത്യ
5. ഹരിതവിപ്ലവം
6. സ്വാതന്ത്ര്യത്തിനുശേഷം ഗ്രാമ സമൂഹങ്ങളിൽ വന്ന പരിവർത്തനങ്ങൾ.
7. തൊഴിൽ ചംക്രമണം
8. കാർഷികമേഖലയിലെ സ്ത്രൈണവൽക്കരണം
9. ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഗ്രാമ സമൂഹങ്ങളിൽ.


## പ്രവർത്തനങ്ങൾ

1. അനുയോജ്യമായ രീതിയിൽ കോളങ്ങൾ പൂരിപ്പിക്കുക




(2)

2. അനുയോജ്യമായ രീതിയിൽ കോളങ്ങൾ പൂരിപ്പിക്കുക.




(2)

3. സ്വതന്ത്ര തൊഴിലാളികൾ എന്ന പദം രൂപീകരിച്ചത്?

   (സി റൈറ്റ് മിൽസ്, ജാൻ ബ്രെമൻ, കാൾ മാർക്സ്)

(1)

4. കാർഷിക തൊഴിൽ ശക്തിയുടെ സ്ത്രൈണവൽക്കരണത്തിന് കാരണം?

   (പുരുഷന്മാരുടെ കുടിയേറ്റം, സംസ്കൃതവൽക്കരണം, ആധുനികവൽക്കരണം)

(1)

5. രക്ഷാധികാരത്തിൽ നിന്നും ചൂഷത്തിലേക്കുള്ള മാറ്റം എന്ന ആശയം രൂപീകരിച്ച സമൂഹശാസ്ത്രജ്ഞൻ?

   (കാൾമാക്സ്, സി റൈറ്റ് മിൽസ്, ജാൻബ്രെമൻ)

(1)

6. താഴെപ്പറയുന്നവയിൽ ഏതാണ് പ്രബല ജാതിയുടെ പ്രത്യേകത അല്ലാത്തത്?

   എ) സംഖ്യാബലം ബി) ഉന്നത പാരമ്പര്യം സി) സാമ്പത്തിക ശക്തി
   ഡി) രാഷ്ട്രീയ ശക്തി

(1)


7. ഹരിത വിപ്ലവത്തിന്റെ നേട്ടങ്ങളും ദോഷങ്ങളും കണ്ടെത്തി ചാർട്ട് പൂർത്തീകരിക്കുക.

| ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങൾ | ഹരിത വിപ്ലവത്തിന്റെ ദോഷങ്ങൾ |
|---|---|
| • കാർഷിക ഉൽപാദനം വർധിച്ചു | • അസമത്വം വർദ്ധിച്ചു |
| • | • |
| • | • |
| | • |
| | • |
| | • |
| | • |
| | • |

(4)

8. ചാർട്ട് പൂർത്തീകരിക്കുക

**ഇന്ത്യയിലെ പ്രബല ജാതികൾ**




(റെഡ്ഡികൾ, രജപുത്രന്മാർ, ലിംഗായത്തുകൾ, സിഖുകാർ)

(2)

9. --------- വ്യവസ്ഥപ്രകാരം യഥാർഥ കൃഷിക്കാർക്ക് നികുതി അടയ്ക്കണമായിരുന്നു.

(ജമീന്ദാരി, ജജ്മാനി, റയറ്റ്വാരി)

(1)

10. ചാർട്ട് പൂർത്തീകരിക്കുക

| കർഷക ആത്മഹത്യയ്ക്കുള്ള കാരണങ്ങൾ |
|---|
| • വർധിച്ച ഉത്പാദനച്ചെലവ് |
| • |
| • |
| • |

(3)

11. അനുയോജ്യമായ രീതിയിൽ കോളം പൂർത്തീകരിക്കുക.

**കാർഷികരംഗത്ത് ആഗോളവൽക്കരണത്തിന്റെ സ്വാധീനങ്ങൾ.**

എ)

ബി)

(2)

# അധ്യായം – 10

# ഉത്തരസൂചിക

1. ഗുജറാത്ത് - ഹൽപതി സമ്പ്രദായം

   കർണാടകം - ജീത സമ്പ്രദായം

2. i) ജമീന്ദാരി സമ്പ്രദായം അവസാനിപ്പിച്ചു.

   ii) ഭൂപരിധി നിയമം

3. ജാൻ ബ്രെമൻ

4. പുരുഷന്മാരുടെ കുടിയേറ്റം

5. ജാൻ ബ്രെമൻ

6. ഉന്നത പാരമ്പര്യം

7. i) ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചു

   ii) പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കി

**ഹരിത വിപ്ലവത്തിന്റെ അപാകതകൾ**

- പാരിസ്ഥിതിക അസന്തുലിതാവസ്ഥ
- പ്രാദേശിക അസമത്വം
- ഗ്രാമ-നഗര കുടിയേറ്റം വർദ്ധിച്ചു
- കൃഷിയുടെ വാണിജ്യവൽക്കരണം
- കുടിയൻമാരായ കർഷകരുടെ കുടിയൊഴുപ്പിക്കൽ

8. എ) രജപുത്രന്മാർ

   ബി) റെഡ്ഡിമാർ

   സി) സിക്കുകാർ

   ഡി) ലിംഗായത്തുകൾ

9. റയറ്റ്വാരി

10. 
    - കാർഷിക സബ്സിഡിയുടെ കുറവ്
    - വിപണിയിലെ അസ്ഥിരത
    - മഴ കൂടുതൽ, മഴ കുറവ്, കീടങ്ങൾ, എന്നിവയിലൂടെ ഉണ്ടാകുന്ന വിളനാശം

11. എ) കരാർ കൃഷി

    ബി) കർഷക ആത്മഹത്യ

## അധ്യായം – 11

# വ്യാവസായിക സമൂഹത്തിലെ മാറ്റവും വികസനവും

### ഫോക്കസ് ഏരിയ

വ്യാവസായിക സമൂഹത്തിന്റെ ബിംബങ്ങൾ.

ഇന്ത്യൻ സ്വാതന്ത്രത്തിന്റെ ആദ്യവർഷങ്ങളിലുണ്ടായ വ്യവസായവല്ക്കരണം.

ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഇന്ത്യൻ വ്യവസായത്തിൽ വരുത്തിയ മാറ്റങ്ങൾ.

ജനങ്ങൾ എങ്ങനെയാണ് ജോലികൾ കണ്ടെത്തുന്നത്?

ശാസ്ത്രീയ മാനേജ്മെന്റ്

സംഘടിതമേഖലയും അസംഘടിത മേഖലയും

തൊഴിൽ സാഹചര്യങ്ങൾ        ഗാർഹിക അടിസ്ഥാനത്തിലുള്ള തൊഴിൽ

### പ്രവർത്തനങ്ങൾ

1. ജോലി ചിട്ടയായി സംഘടിപ്പിച്ച് ഉൽപാദനം വർദ്ധിപ്പിക്കാം എന്നുള്ള ആശയം മുന്നോട്ട് വച്ച അമേരിക്കൻ സമൂഹശാസ്ത്രജ്ഞൻ ആരാണ്?

   (കാൾ മാർക്സ്, മാക്സ് വെബർ, എഫ്.ഡബ്ല്യു. ടൈലർ, സി.ഡബ്ല്യു. മിൽസ്) (1)

2. ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയറുകൾ വിറ്റഴിക്കുന്ന പ്രക്രിയ ...................... എന്ന് പറയുന്നു. (1)

3. സമയാടിമത്തം, ഫ്ളക്സി ടൈം എന്നിവ ഏത് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു (1)

4. ബ്രാക്കറ്റിൽ നൽകിയിരിക്കുന്നവയിൽ നിന്നും സംഘടിത മേഖലയുടെ സവിശേഷതകൾ കണ്ടെത്തി എഴുതുക

   (പത്തോ അതിലധികമോ ആളുകൾ വർഷം മുഴുവൻ പണിയെടുക്കുന്നു, തൊഴിലാളി യൂണിയനുകൾ കുറവായിരിക്കും, ഈ സ്ഥാപനങ്ങൾ ഗവൺമെന്റ് രജിസ്റ്റർ ചെയ്തിരിക്കണം, തൊഴിൽസുരക്ഷയുണ്ട്, കൃത്യമായി ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണമെന്നില്ല) (3)

5. ആഗോളവൽക്കരണത്തിന്റെയും ഇന്ത്യൻ വ്യവസായമേഖലയിലെ ഉദാരവൽക്കരണത്തിന്റെയും അപാര്യപ്തതയെ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തിയാക്കുക. (3)

| ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വാധീനം ഇന്ത്യൻ വ്യവസായത്തിൽ |
|---|
| |
| |
| |

6. ഇന്ത്യൻ സമൂഹത്തിലെ ഗാർഹിക ജോലിയുടെ രണ്ടു ഉദാഹരണങ്ങൾ എഴുതുക. (2)

7. താഴെ ബ്രാക്കറ്റിൽ നൽകിയിരിക്കുന്നവയിൽ നിന്നും ഗാർഹിക അടിസ്ഥാന ത്തിലുള്ള തൊഴിൽ പോരായ്മകൾ എഴുതുക. (1)

(എ) കുറഞ്ഞകൂലി

(ബി) ആരോഹ്യപ്രശ്നം

(സി) മുതലാളിക്ക് ലാഭം

(ഡി) മുകളിൽ പറഞ്ഞവയെല്ലാം

8. പ്രശസ്ത സാമൂഹ്യശാസ്ത്രജ്ഞൻ ---------------, യന്ത്രസാമഗ്രികളുടെ ഉപയോഗം യഥാർത്ഥത്തിൽ തൊഴിലാളികളുടെ കഴിവിനെ ഇല്ലാതാക്കുന്നു എന്നു വാദിക്കുന്നു. (1)

9. കരാർ അടിസ്ഥാനത്തിൽ വലിയ കമ്പനികൾ അവരുടെ ജോലികൾ ചെറുകിട കമ്പനികൾക്ക് കൈമാറുന്ന പ്രക്രിയയുടെ പേര് നൽകുക. (1)

10. ശരിയോ തെറ്റോ എന്ന് പറയുക (1)

ഇന്ത്യൻ ജനസംഖ്യയുടെ 60% പ്രാഥമിക മേഖലയിൽ (കൃഷി, ഖനനം) പണിയെടുക്കുന്നു. (1)

## ഉത്തര സൂചിക

1. എഫ്.ഡബ്ല്യു. ടൈലർ (1)
2. ഓഹരി വിറ്റഴിക്കൽ (1)
3. ഐ.ടി. മേഖല (1)
4. പത്തോ അതിലധികമോ ആളുകൾ വർഷം മുഴുവൻ പണിയെടുക്കുന്നു, ഈ സ്ഥാപനങ്ങൾ ഗവൺമെന്റ് രജിസ്റ്റർ ചെയ്തിരിക്കണം, തൊഴിൽസുരക്ഷയുണ്ട് (3)
5. ആഗോാള കമ്പനി ഇന്ത്യൻ കമ്പനികളെവിലക്കുവാങ്ങി (3)

   മലിനീകരണം

   ആദിവാസികളെയും കർഷകരെയും വ്യവസായസ്ഥാപനങ്ങൾ നിർമിക്കുന്നതിനോ കുടിയിറക്കി വരുമാനത്തിൽ അസമത്വവും സൃഷ്ടിച്ചു.
6. കസവ് സാരി, ചിത്ര പട്ടാംബരം, പരവതാനികൾ, ബീഡി, ചന്ദനത്തിരി, തുടങ്ങിയവയുറെട ഉൽപാദനം (2)
7. ഡി) മുകളിൽപറഞ്ഞവതയല്ലൊം (1)
8. ഹാരി ബ്രവർമൻ (1)
9. പുറംപണി കരാർ (1)
10. ശരി (1)

## അധ്യായം – 12

# ആഗോളവൽക്കരണവും സാമൂഹിക മാറ്റവും

## ഫോക്കസ് ഏരിയ

- ആഗോളവൽക്കരണത്തെ മനസ്സിലാക്കൽ
- ആഗോളവൽക്കരണത്തിന്റെ വ്യത്യസ്ത സാമ്പത്തിക മാനങ്ങൾ
- ആഗോളവൽക്കരണവും രാഷ്ട്രീയ മാറ്റങ്ങളും
- ആഗോളവൽക്കരണവും സംസ്കാരവും
- ലിംഗവും സംസ്കാരവും
- ഉപഭോഗസംസ്കാരം
- കോർപ്പറേറ്റ് സംസ്കാരം

## പഠനപ്രവർത്തനങ്ങൾ

1. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

   മൂലധനം .......... .......... .............. എന്നിവയുടെ ദേശാതിർത്തി കടന്നുള്ള പ്രവാഹമാണ് ആഗോളവൽക്കരണത്തിന് അടിസ്ഥാനം.

2. ആഗോളീകരണത്തിന്റെ വ്യത്യസ്തതലങ്ങൾ കാണിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

   ഉദാര വൽക്കരണ സാമ്പത്തികനയം (4)

   ..........................................................................................

   ..........................................................................................

   ..........................................................................................

   ..........................................................................................

3. ഇന്ത്യാ ഗവൺമെന്റ് ഉദാരവത്ക്കരണ സാമ്പത്തിക നയങ്ങൾക്ക് രൂപം നൽകിയത് ഏത് വർഷത്തിലാണ് ആണ് (1)

   (1991, 1992, 1992 ,1993 )

4. ഇന്ത്യയിലെ ഉദാരവൽക്കരണ നയത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക. (2)

   - ............................................................
   - ............................................................

5. ഒന്നിലധികം രാജ്യങ്ങളിൽ സാധനം ഉൽപ്പാദിപ്പിക്കുന്ന അല്ലെങ്കിൽ കമ്പോള സേവനം നടത്തുന്ന കമ്പനികളെയാണ് ................................ എന്നു പറയുന്നത് (1)

6. ബ്രാക്കറ്റിൽ തന്നിരിക്കുന്നവയിൽ നിന്നും ഒറ്റയാനെ കണ്ടെത്തി നിങ്ങളുടെ ഉത്തരം സാധൂകരിക്കുക

(കൊക്കോകോള, കോൾഗേറ്റ്, പാമോലിവ്, ജനറൽ മോട്ടോഴ്സ്, കേരള ഓട്ടോമൊബൈൽ) (2)

7. ബ്രാക്കറ്റിൽ തന്നിരിക്കുന്നവയിൽ അനുയോജ്യമായ കോളങ്ങളിൽ ക്രമീകരിക്കുക

(ഓഹരി വ്യാപാര കൈമാറ്റം, ഇലക്ട്രോണിക് പണം കൈമാറ്റം, കമ്പ്യൂട്ടർ സോഫ്റ്റ വെയർ, ഈവന്റ് മാനേജ്മെന്റ്) (2)

| ഇലക്ട്രോണിക് സമ്പദ് വ്യവസ്ഥ | ഭാരരഹിതസമ്പദ് വ്യവസ്ഥ അഥവാ വിജ്ഞാന സമ്പത്ത് വ്യവസ്ഥ |
|---|---|
| •<br>•<br>• | |

8. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഡിജിറ്റൽ വാർത്താവിനിമയ സംവിധാനങ്ങൾ ലഭിക്കാത്ത പ്രക്രിയ. (1)

9. ഉപഭോഗസംസ്കാരം ഉദാഹരണങ്ങൾ ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത എഴുതുക. (3)

(പരസ്യം, ഫൈൻ ഈടാക്കുക, ടാക്സ് അടയ്ക്കുക, ഷോപ്പിംഗ് മാള്, മൾട്ടി പ്ലസ് സിനിമകളുടെ വളർച്ച, അമ്യൂസ്മെന്റ് പാർക്ക് )

10. ആഗോള സം,സ്കാരവും പ്രാദേശിക സംസ്കാരവും തമ്മിൽ ഇടകലരുന്നതിനെ .......................... എന്ന് പറയുന്നു

11. കോർപ്പറേറ്റ് സംസ്കാരം വിശദീകരിക്കുക (3)

# ഉത്തര സൂചിക

1. ചരക്കുകൾ, ജനങ്ങൾ, ആശയങ്ങൾ
2. Trans National corporations TNC (4)
    - രാജ്യാന്തര കോർപ്പറേഷനുകൾ
    - ഇലക്ട്രോണിക് സമ്പത്ത് വ്യവസ്ഥ
    - ഭാരരഹിത സമ്പദ് വ്യവസ്ഥ അഥവാ വിജ്ഞാന സമ്പദ് വ്യവസ്ഥ
    - ധനകാര്യത്തിന്റെ ആഗോളവൽക്കരണം
3. 1991 (1)
4. ഇറക്കുമതി നിയന്ത്രണങ്ങൾ പിൻവലിക്കപ്പെട്ടു, ലൈസൻസിംഗ് സമ്പ്രദായം അവസാനിപ്പിച്ചു, IMF എന്ന സ്ഥാപനങ്ങളിൽനിന്ന് ഉപാധികളോടെ വായ്പ സ്വീകരിക്കാൻ സർക്കാരിനു സാധിച്ചു. (2)
5. രാജ്യാന്തര കോർപ്പറേഷനുകൾ (1)
6. കേരള ഓട്ടോമൊബൈൽ ഒഴികെയുള്ളതെല്ലാം രാജ്യാന്തര കോർപ്പറേഷനുകൾക്ക് ഉദാഹരണമാണ്. (2)
7.

| ഇലക്ട്രോണിക്സമ്പത്ത്വ്യവസ്ഥ | ഭാരരഹിത സമ്പദ് വ്യവസ്ഥ അഥവാവിജ്ഞാനസമ്പത്ത്വ്യവസ്ഥ |
|---|---|
| • ഓഹരി വ്യാപാര കൈമാറ്റം,<br>• ഇലക്ട്രോണിക് പണം കൈമാറ്റം, | • കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ,<br>• ഈവന്റ് മാനേജ്മെന്റ് |

(2)

8. ഡിജിറ്റൽ വിഭജനം (1)
9. (പരസ്യം, ഷോപ്പിംഗ് മാളുകളുടെയും മൾട്ടിഫ്ളെക്സ് സിനിമ ഹാളുടെയും ബാഹുല്യം, അമ്യൂസ്മെന്റ് പാർക്ക്) (3)
10. ഗ്ലോക്കലൈസേഷൻ (1)
11. ഉൽപാദന ക്ഷമതയും മത്സര ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആ സ്ഥാപനത്തിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് വളർത്തിയെടുക്കുന്ന ഒരു പ്രത്യേക സംസ്കാരത്തെയാണ് കോർപ്പറേറ്റ് സംസ്കാരം എന്ന് പറയുന്നത്

    ഉദാ:- സോഫ്റ്റ്‌വെയർ കമ്പനികൾ, ബഹുരാഷ്ട്ര ബാങ്കുകൾ, ചാർട്ടേഡ് അക്കൗണ്ടൻസി സ്ഥാപനങ്ങൾ, ട്രാവൽ, ഓഹരിവിപണികൾ, വിനോദം, മാധ്യമം തുടങ്ങിയ മേഖലകൾ (3)

# അധ്യായം 13

# ബഹുജന മാധ്യമങ്ങളും വാർത്താവിനിമയവും

## ഫോക്കസ് ഏരിയ

- ബഹുജന മാധ്യമങ്ങളുടെ രീതികൾ
- ടെലിവിഷൻ, ന്യൂസ് പേപ്പർ, ഫിലിം, മാഗസിനുകൾ, റേഡിയോ, പരസ്യങ്ങൾ, വീഡിയോ ഗെയിമുകൾ, സി.ഡി.കൾ
- ആഗോളീകരണവും മാധ്യമവും
- പരിവർത്തനങ്ങൾ
- ഇന്ത്യൻ ഭാഷയിലുള്ള പത്രങ്ങൾ വർദ്ധിക്കുന്നു.

## പ്രവർത്തനം 1

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ഏതെങ്കിലും മൂന്നു ബഹുജന മാധ്യമങ്ങളെ പട്ടികപ്പെടുത്തുക

## പ്രവർത്തനം 2

ബഹുജന വാർത്താവിനിമയത്തിന്റെ മൂന്ന് പ്രത്യേകതകൾ ബ്രാക്കറ്റിൽ നിന്നും കണ്ടെത്തുക.

- ഔപചാരിക ഘടന
- പരിമിതമായ വിഭവങ്ങൾ
- വലിയ മൂലധനം
- വളരെക്കുറച്ച് തൊഴിലാളികൾ

## പ്രവർത്തനം 3

മാധ്യമത്തെ ജനാധിപത്യത്തിന്റെ കാവൽനായയായി വിശേഷിപ്പിച്ച പ്രമുഖ വ്യക്തി ആര്?

എ) ഡോ. ബി.ആർ. അംബേദ്കർ

ബി) മഹാത്മാഗാന്ധി

സി) ജവഹർലാൽ നെഹ്റു

ഡി) സുഭാഷ് ചന്ദ്രബോസ്

## പ്രവർത്തനം 4

'SITE' വികസിപ്പിക്കുക

## പ്രവർത്തനം 5

ഒറ്റപ്പെട്ടത് കണ്ടെത്തുക

എ) അച്ചടിമാധ്യമം

ബി) റേഡിയോ

സി) ടെലിവിഷൻ

ഡി) ടൈപ്പ്റൈറ്റർ

## പ്രവർത്തനം 6

'നാഷണൽ ഡെയിലി' എന്നറിയപ്പെടുന്ന മാധ്യമം ഏതാണ്?

എ) പ്രാദേശിക പത്രം

ബി) ഇംഗ്ലീഷ് പത്രം

സി) മാഗസിനുകൾ

ഡി) റേഡിയോ

## പ്രവർത്തനം 7

**ശരിയായത് തെരഞ്ഞെടുത്ത് എഴുതുക**

എ) ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഉയർച്ച അച്ചടിമാധ്യമങ്ങളുടെ തകർച്ചയ്ക്ക് കാരണമായി

ബ) ഇലക്ട്രോണിക് മാധ്യമങ്ങൾ പെട്ടെന്ന് വികസിച്ചപ്പോഴും അച്ചടി മാധ്യമങ്ങൾ അവയുടെ വിതരണം വർദ്ധിപ്പിച്ചു.

## പ്രവർത്തനം 8

ഉചിതമായത് ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത എഴുതുക.

സ്വതന്ത്ര ഇന്ത്യയിൽ ബഹുജന മാധ്യമങ്ങളുടെ സമീപനങ്ങൾ

എ) ..................................................

ബ) ....................................................

- സ്വാശ്രയത്വം പ്രചരിപ്പിക്കുക
- പ്രാദേശികവാദം പ്രചരിപ്പിക്കുക
- ദേശീയ വികസനം
- ഭാഷാവാദം പ്രോത്സാഹിപ്പിക്കുക

## പ്രവർത്തനം 9

സാങ്കല്പിക സമുദായമാണ് 'ദേശം' എന്ന് പറഞ്ഞതാര്?

എ) ആൻഡേഴ്സൺ

ബി) ജവഹർലാൽ നെഹ്റു

സി) സർദാർ പട്ടേൽ

ഡി) ഡോ. രാധാകൃഷ്ണൻ

**പ്രവർത്തനം 10**

ബഹുജനമാധ്യമങ്ങളെ ---------------- എന്നും വിളിക്കാറുണ്ട്.

എ) അനൗപചാരിക ആശയവിനിമയം

ബി) വ്യക്തിപരമായ ആശയവിനിമയം

സി) ബഹുജന ആശയവിനിമയം

ഡി) പ്രാഥമിക ആശയവിനിമയം

## ഉത്തരസൂചിക

**പ്രവർത്തനം – 1**

- റേഡിയോ
- ടെലിവിഷൻ
- ന്യൂസ് പേപ്പർ
- മറ്റു മാധ്യമങ്ങൾ

**പ്രവർത്തനം – 2**

എ) ഔപചാരിക ഘടന

ബി) വലിയ മൂലധനം

സി) ബഹുജനപ്രേക്ഷകർ

**പ്രവർത്തനം – 3**

സി) ജവഹർലാൽ നെഹ്റു

**പ്രവർത്തനം – 4**

സി)

**പ്രവർത്തനം – 5**

ടൈപ്പ്റൈറ്റർ

**പ്രവർത്തനം – 6**

ഇംഗ്ലീഷ് ദിനപത്രങ്ങൾ

**പ്രവർത്തനം - 7**

എ) ഇലക്ട്രോണിക് മാധ്യമങ്ങൾ പെട്ടെന്ന് വികസിപ്പിച്ചപ്പോഴും അച്ചടി മാധ്യമങ്ങൾ അവയുടെ വിതരണം വർദ്ധിപ്പിച്ചു

**പ്രവർത്തനം 8**

സ്വാശ്രയത്വം പ്രചരിപ്പിക്കുക

ദേശീയ വികസനം

**പ്രവർത്തനം 9**

എ) ആൻഡേഴ്സൺ

**പ്രവർത്തനം 10**

സി) ബഹുജന ആശയവിനിമയം

## അധ്യായം – 14

# സാമൂഹികപ്രസ്ഥാനങ്ങൾ

### ഓർത്തിരിക്കേണ്ട കാര്യങ്ങൾ

- സമൂഹശാസ്ത്രവും സാമൂഹ്യ പ്രസ്ഥാനവും
- സാമൂഹ്യ പ്രസ്ഥാന സിദ്ധാന്തങ്ങൾ
- പലതരത്തിലുള്ള സാമൂഹ്യ പ്രസ്ഥാനങ്ങൾ

### ഫോക്കസ് ഏരിയ

1. സാമൂഹിക പ്രസ്ഥാനങ്ങളുടെ9 സവിശേശഷതകൾ
2. സമൂഹശാസ്ത്രവും സാമൂഹ്യ പ്രസ്ഥാനവും
3. സാമൂഹിക പ്രസ്ഥാനങ്ങളുടെ9 സിദ്ധാന്തങ്ങൾ
4. പലതരത്തിലുള്ള സാമൂഹികപ്രസ്ഥാനങ്ങൾ
5. വനിത പ്രസ്ഥാനങ്ങൾ
6. പാരിസ്ഥിതിക പ്രസ്ഥാനങ്ങൾ
7. കർഷക പ്രസ്ഥാനങ്ങൾ
8. ദളിത് പ്രസ്ഥാനങ്ങൾ
9. ഗോത്രവർഗ പ്രസ്ഥാനങ്ങൾ
10. വനിതാ പ്രസ്ഥാനങ്ങൾ

**പ്രവർത്തനങ്ങൾ**

**1. സാമൂഹിക പ്രസ്ഥാനങ്ങളുടെ സവിശേഷതകളുടെ ചാർട്ട് പൂർത്തിയാക്കുക.**

സാമൂഹിക പ്രസ്ഥാനങ്ങളുടെ സവിശേഷതകൾ

- സുസ്ഥിരവും കൂട്ടായതുമായ പ്രവർത്തനം
- ..............................................
- നേതൃത്വം
- ..............................................
- ഘടന
- ..............................................

(3)

**2. ചാർട്ട് പൂർത്തിയാക്കുക**

സാമൂഹിക പ്രസ്ഥാനത്തിന്റെ സിദ്ധാന്തങ്ങൾ

| ആപേക്ഷിക തിരസ്കരണ സിദ്ധാന്തം | ........................ | മാൻകൂർ ഓൾസൻ സിദ്ധാന്തം |
|---|---|---|

(1)

3. താഴെ തന്നിരിക്കുന്ന ബ്രാക്കറ്റിൽ നിന്നും വിമോചനാത്മകമായ പ്രസ്ഥാനത്തിന് ഉദാഹരണം തെരഞ്ഞെടുക്കുക.

വിവരാവകാശത്തിനു വേണ്ടിയുള്ള പ്രചാരണം, എസ്.എൻ.ഡി.പി., നക്സലൈറ്റ് പ്രസ്ഥാനം (1)

4. താഴെ തന്നിരിക്കുന്നവയെ അനുയോജ്യമായ കോളത്തിൽ വർഗീകരിക്കുക. (3)

(കോളനിവിരുദ്ധ പ്രസ്ഥാനങ്ങൾ, പൗരാവകാശ പ്രസ്ഥാനങ്ങൾ, വനിതാ പ്രസ്ഥാന ങ്ങൾ, തൊഴിലാളി പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം, പരിസ്ഥിതി പ്രസ്ഥാനങ്ങൾ).

| പഴയ സാമൂഹ്യപ്രസ്ഥാനങ്ങൾ | പുതിയ സാമൂഹ്യ പ്രസ്ഥാനങ്ങൾ |
|---|---|
| • ............................................................... | • ............................................................... |
| • ............................................................... | • ............................................................... |
| • ............................................................... | • ............................................................... |

5. കർഷക പ്രസ്ഥാനങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക. (3)

6. നക്സൽബാരി പ്രസ്ഥാനത്തിന്റെ നേതാവാണ് ............................... (2)

7. താഴെതന്നിരിക്കുന്നവയെ അനുയോജ്യമായ കോളങ്ങളിൽ എഴുതുക. (2)

(പഞ്ചാബ്, മഹർ, ആഗ്ര, സത്നാമി)

| സ്ഥലം | ചലനങ്ങൾ |
|---|---|
| .................................... | ആദിധർമ |
| മഹാരാഷ്ട്ര | ................................................ |
| ............................... | ജാതവാസ് |
| ഛത്തീസ്ഗഡ് | ........................................ |

8. ചിപ്കോ പ്രസ്ഥാനങ്ങളെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് തയാറാക്കുക.

9. ഗോത്രവർഗ പ്രസ്ഥാനങ്ങലെക്കുറിച്ച് വിലയിരുത്തുക. (6)

10. ഇന്ത്യയിലെ വനിതാ പ്രസ്ഥാനങ്ങളുടെ പോരായ്മകൾ എന്തെല്ലാം. (4)

# ഉത്തര സൂചിക

1. സംഘാടനം
   പൊതുവായ ലക്ഷ്യങ്ങളും പ്രത്യയശാസ്ത്രങ്ങളും
   മാറ്റങ്ങളോടുള്ള പൊതുസമീപനം (3)
2. വിഭവ സജ്ജീകരണ സിദ്ധാന്തം. (1)
3. എസ്.എൻ.ഡി.പി. (1)
4. പഴയ സാമൂഹികപ്രസ്ഥാനം – പുതിയ സാമൂഹിക പ്രസ്ഥാനം
   കോളനിവിരുദ്ധ പ്രസ്ഥാനം – പൗരാവകാശപ്രസ്ഥാനം
   തൊഴിലാളി പ്രസ്ഥാനം – സ്ത്രീകളുടെ പ്രസ്ഥാനം
   ദേശീയപ്രസ്ഥാനം – പരിസ്ഥിതി പ്രസ്ഥാനം (3)
5. ചമ്പാരൻ സത്യാഗ്രഹം (2)
   ഖേഡ സത്യാഗ്രഹം
   ബർദോളി സത്യാഗ്രഹം
6. ചാരു മജുംദാർ (1)
7. പഞ്ചാബ് – ആദിധർമ
   മഹാരാഷ്ട്ര – മഹർ
   ആഗ്ര – ജാദവർ
   ഛത്തീസ്ഗഡ് – സത്നാമി (2)
8. പ്രധാന പോയിന്റ് പരിശോധിക്കുക
9. സാമൂഹിക പ്രസ്ഥാനങ്ങളെ വിവരിക്കുക.
   സാമൂഹികപ്രസ്ഥാനത്തിന്റെ കാരണങ്ങൾ.
   ഝാർഖണ്ഡ് പ്രസ്ഥാനം
   നോർത്ത് ഈസ്റ്റ്
   പുതിയ സംസ്ഥാനങ്ങളുണ്ടായി (6)
10. മധ്യവർഗകേന്ദ്രീകൃതം
    സ്ത്രീകൾ ആദിവാസി, വർഗ, കർഷകപ്രസ്ഥാനങ്ങളിൽ പങ്കെടുത്തു.
    1947–ന് ശേഷം വനിതാ പ്രസ്ഥാനങ്ങൾ നിർജീവമായിരുന്നു.
    1970–ന് ശേഷം പുതിയ സ്വതന്ത്ര വനിതാ സംഘടനകൾ രൂപംകൊണ്ടു. (4)

പൊതു വിദ്യാഭ്യാസ വകുപ്പ്

സമഗ്ര ശിക്ഷാ കേരളം